മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 03 No. 24 | THE ONLINE OFFICIAL NEWS BULLETTIN | 2020 July 11

SEASON OF PENTECOST | **പെന്തിക്കോസ്തികാലം** | **ܥܕܢܐ ܕܦܢܛܩܘܣܛܝ**

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܒܫܒܐ TUESDAY	ܐܪܒܥܒܫܒܐ WEDNESDAY	ܚܡܫܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
12 ♪5 6th Sunday after Pentecost 111th Mem. of 'Saba Thejus' Pulikkottil Joseph Mar Dionysius II (Founder of MD & Parumala Seminary)	13 ♪1	14 ♪5	15 ♪1 Comme. of the Martyrs St. Kuriakose, Mother Marth Yuliethi & St. Abhai	16 ♪5	17 ♪1	18 ♪5



പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 111–ാം ഓർമപ്പെരുന്നാൾ

കോട്ടയം: പഴയസെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കര 'സഭാ തേജസ്' പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ 111–ാം ഓർമപ്പെരുന്നാൾ കൊടിയേറ്റ് ഫാ. ഡോ. ബേബി വർഗീസ് നിർവഹിച്ചു.

12–ന് വൈകിട്ട് 6 മണിക്ക് സന്ധ്യാ നമസ്ക്കാരവും 13–ന് രാവിലെ 6:30–ന് പ്രഭാത നമസ്ക്കാരവും തുടർന്ന് 7:30 ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്വത്തിൽ വി. കുർബാനയും ഉണ്ടായിരിക്കുമെന്ന് പഴയ സെമിനാരി മാനേജർ ഫാ. ജോബിൻ വർഗ്ഗീസ് അറിയിച്ചു.



The Great Memorial Feast of St. Thomas, our Apostle & 211th Memorial of Marthoma VII at St. Mary's Orthodox Church, St. Louis, MO, USA. The chief celebrant was Dr. Geevarghese Mar Yulios.



സഖറിയാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 23–ാമത് ഓർമ്മ പെരുന്നാളിന് ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താമാർ മുഖ്യകാർമ്മികത്വം വഹിച്ചു.



കോവിഡ് 19 പ്രതിസന്ധിമൂലം ,യുഎഇ ൽ നിന്ന് നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിച്ച സഹോദരങ്ങൾക്കു വേണ്ടി, ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആദ്യ ചാർട്ടേർഡ് വിമാനം ഷാർജയിൽ നിന്നും കൊച്ചിയിൽ എത്തിച്ചേർന്നു. യാത്ര ചെയ്ത 215 പേരിൽ, 60–ൽ പരം സഹോദരങ്ങൾക്ക് ദുബായ് ഇടവക പൂർണമായും സൗജന്യ വിമാന ടിക്കറ്റ് നൽകി. മുഴുവൻ യാത്രികർക്കും പിപിഇ കിറ്റും ഭക്ഷണ കിറ്റും വിമാനത്താവളത്തിൽ ഒരുക്കിയിരുന്നു. ദുബായ് ഇടവക വികാരിയും , അസിസ്റ്റന്റ് വികാരിയും ഇടവക ഭാരവാഹികളും ആത്മീയ സംഘടന പ്രവത്തകരും വിമാനത്താവളത്തിലെത്തി യാത്രികർക്കു യാത്രമംഗളങ്ങൾ നേർന്നു.

പൊതു അറിയിപ്പ്

സാമൂഹ്യ മാധ്യമങ്ങളിലൂടെ പരിശുദ്ധ സഭയെയും സഭയിലെ പിതാക്കന്മാരെയും ആക്ഷേപിച്ചുകൊണ്ടുള്ള വ്യാജവാർത്തകൾ അനവധി പ്രത്യക്ഷപ്പെടുന്നതായി കാണുന്നു. ഈ പശ്ചാത്തലത്തിൽ ഏതാനും കാര്യങ്ങൾ വിശ്വാസികളെ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

1. സഭാവാർത്തകൾ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ മലങ്കര സഭാ മാസിക, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് ന്യൂസ് ബുള്ളറ്റിൻ, മെത്രാസനങ്ങളിൽ നിന്നും ആദ്ധ്യാത്മിക സംഘടനകളുടെ മാധ്യമങ്ങളിൽ നിന്നും അറിയിക്കുന്നത് മാത്രമേ വിശ്വസിക്കേണ്ടതുള്ളു.

2. പരിശുദ്ധ സഭയുടേയും പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധ ബാവാ തിരുമേനിയുടെയും മറ്റും ഫോട്ടോകൾ, എംബ്ലങ്ങൾ, വാട്ടർമാർക്കുകൾ എന്നിവ വച്ച് വാർത്തകൾക്ക് വിശ്വാസ്യത വരുത്തുവാനുള്ള ശ്രമങ്ങൾ ധാരാളമായി കണ്ടുവരുന്നു. വ്യാജമായും അനുമതി കൂടാതെയും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നതും അവ പ്രചരിപ്പിക്കുന്നതും സൈബർ നിയമങ്ങൾ പ്രകാരം ക്രിമിനൽ കുറ്റകരമാണ്.

3. ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നവരെ ഇനിയും നിയമത്തിനു മുമ്പിൽ കൊണ്ടുവരാതിരുന്നാൽ ആയത് സമൂഹത്തോടും സഭാ വിശ്വാസികളോടും ചെയ്യുന്ന അപരാധമായിരിക്കുമെന്നതിനാൽ ഇത്തരം വ്യാജ വാർത്തകൾ എല്ലാം സൈബർസെല്ലിനെ അറിയിക്കുകയും കേസ് കൊടുക്കുകയും ചെയ്യുന്നുണ്ട് എന്ന് അറിയിക്കുന്നു. വ്യാജവാർത്തകൾ ഷെയർ ചെയ്യുന്നതും ലൈക്ക് ചെയ്യുന്നതും സൈബർ കുറ്റങ്ങൾ ആണ്. നിരപരാധികളായ അനേകർ ഈ കുറ്റങ്ങളിൽ കുടുങ്ങുകയും രക്ഷപെടുവാൻ മാർഗ്ഗങ്ങൾ തിരക്കുകയും ചെയ്യുന്നുണ്ട്. നിങ്ങൾ അടുത്ത കുറ്റവാളി ആകാതിരിക്കാൻ സൂക്ഷിക്കുക.

4. സമൂഹമാധ്യമങ്ങളിൽ കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്വന്തം പേരിൽ ആശയവിനിമയങ്ങൾ നടത്തുന്നത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. ആയത് മിക്കവാറും ലോകരാജ്യങ്ങൾ അംഗീകരിക്കുന്നുമുണ്ട്. എന്നാൽ പിതൃത്വം ഇല്ലാത്ത വാർത്തകളും പിതൃത്വം അറിയാത്ത എഴുത്തുകാരും സമൂഹത്തിന്റെ ശാപവും കൊടും ക്രിമിനലുകളുമാണ്. അവ പ്രചരിപ്പിക്കാനോ അവരെ പ്രോത്സാഹിപ്പിക്കുവാനോ നാം ചട്ടുകങ്ങളായി മാറുകയും നിയമകുരുക്കിൽപെടുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം.

5. ഇത്തരം ഒരു വ്യാജ വാർത്ത ഗൾഫ് രാജ്യങ്ങളിലെ ഒരു ഭരണാധികാരിയുടെ ശ്രദ്ധയിൽപെട്ടപ്പോൾ അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയാണ്: “മോസ്ക്കുകളും മറ്റു ദേവാലയങ്ങളും അടഞ്ഞുകിടക്കുന്ന, ലോകം മുഴുവൻ കോവിഡ് ഭീതിയിൽ ഭാരപ്പെടുന്ന ഈ കാലത്ത് ദൈവത്തെ വിളിച്ച് ധാർമ്മിക ജീവിതം നയിക്കുന്നതിന് പകരം ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നവരെ ഈ രാജ്യത്തിന് ആവശ്യമില്ല. അവരുടെ പേരുകൾ നൽകുക; അവരെ ഉടൻ ജയിലിലടക്കുകയോ മാതൃരാജ്യത്തേക്ക് തിരികെ അയക്കുകയോ ചെയ്യും.” എഴുതുന്നവർ മറഞ്ഞിരുന്നും പേർ വെളിപ്പെടുത്താതെയും വ്യാജ പേരുകളിലും ആയിരിക്കും എഴുതുന്നത് എന്നതിനാൽ അവരെ പിടികൂടുന്നത് അല്പം ദുഷ്ക്കരമായിരിക്കും. എന്നാൽ ഷെയർ ചെയ്യുന്നവരുടെ ഐ.പി. അഡ്രസ്, പേരുകൾ, ഫോൺ നമ്പരുകൾ എന്നിവ പെട്ടെന്ന് അധികാരികൾക്ക് കണ്ടുപിടിക്കാൻ സാധിക്കുകയും അവർ പിടിക്കപ്പെടുകയും ചെയ്യും.

5. മതസ്പർദ്ധ ജനിപ്പിക്കുന്നതോ ജാതി, വർഗ, വർണ്ണ വിവേചനം ഉളവാക്കുന്നതോ ആയ വാർത്തകൾ സമൂഹത്തിൽ ചിദ്രം ഉണ്ടാക്കുമെന്നതിനാൽ അവയും കുറ്റകരമാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ.

നിരപരാധികളായ അനേകരുടെ പേരിൽ സൈബർ കേസുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ വിശ്വാസികൾ വഞ്ചിക്കപ്പെടാതിരിക്കാൻ സഭയുടെ മാധ്യമ വിഭാഗത്തിനുവേണ്ടി ഈ കാര്യങ്ങൾ നിങ്ങളുടെ സ്നേഹത്തോട് അറിയിക്കുന്നു.

സ്നേഹപൂർവ്വം

നിങ്ങളുടെ ഇടയൻ

ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ
മാധ്യമ വിഭാഗം അധ്യക്ഷൻ
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

പ. കാതോലിക്കാ ബാവായുടെ സഹോദരൻ നിര്യാതനായി



വെസ്റ്റ് മങ്ങാട്: പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ജ്യേഷ്ഠ സഹോദരൻ കുന്നംകുളം വെസ്റ്റ് മങ്ങാട് കൊള്ളന്നൂർ കെ. ഐ. തമ്പി (78) നിര്യാതനായി.

സംസ്കാരം ജൂലൈ 9-ന് വ്യാഴാഴ്ച വെസ്റ്റ് മങ്ങാട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ നടത്തി. മാത്യൂസ് മാർ സേവേറിയോസ്, യാക്കോബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ ദിയസ്കോറോസ് എന്നിവർ സഹകാർമികത്വം വഹിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അലക്സിയോസ് മാർ യൗസേബിയോസ് എന്നി പിതാക്കന്മാർ പരുമല മാർ ഗ്രിഗോറിയോസ് ആശുപത്രിയിൽ എത്തി അന്തിമോപചാരം അർപ്പിച്ചു പ്രാർത്ഥനകൾ നടത്തി. രാഷ്ട്രീയ മത സാമൂഹ്യ നേതാക്കന്മാർ അനുശോചനം അറിയിച്ചു.

ഭാര്യ: മോഹിനി കെ.പി. (റിട്ട. ഹെഡ്മിസ്ട്രസ്, സെന്റ് ജോസഫ്സ് & സെന്റ് സിറിൽസ് ഹൈസ്ക്കൂൾ, വെസ്റ്റ് മങ്ങാട്) മക്കൾ: മീര, റെയ്മോൾ, സിസി, സെറിൻ. മരുമക്കൾ: ഫാ. ജോസി മാത്യൂ വടക്കാഞ്ചേരി, ഫാ. ജോൺ എ. ജോൺ മാവേലിക്കര, ഫാ. മാത്യു വർഗീസ് വടുവഞ്ചാൽ, ഫാ. എൽദോ സാജു കല്ലടിക്കോട്.



സഭാപിതാക്കന്മാർ

ജനാധിപത്യ തത്വങ്ങളുടെ സംരക്ഷകൻ

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കണ്ട ഏറ്റവും പ്രഗത്ഭരായ ഭരണകർത്താക്കളിൽ ഒരാളായിരുന്നു ദീവന്നാസ്യോസ് അഞ്ചാമൻ അഥവാ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ. അസ്വസ്ഥതകളും, അസ്ഥിരതയും നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് അദ്ദേഹത്തിന് സഭാനേതൃത്വം ഏറ്റെടുക്കേണ്ടി വന്നത്. എന്നാൽ ഈ അസ്വസ്ഥതകളുടെ നടുവിലൂടെ സഭാനൗകയെ വിദഗ്ദമായി ഓടിച്ച് ശാന്തമായ തുറമുഖത്ത് എത്തിക്കുവാൻ കഴിഞ്ഞ ജ്ഞാനിയായ കപ്പൽക്കാരനായിരുന്നു പുലിക്കോട്ടിൽ തിരുമേനി. ഒരു വശത്തുനിന്നും നവീകരണക്കാരുടെയും, മറുവശത്തുനിന്നും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും ആക്രമണങ്ങൾ നേരിടേണ്ടി വന്നു എങ്കിലും, അതിനെയെല്ലാം ഫലപ്രദമായി ചെറുത്തു തോൽപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. മാർ ദീവന്നാസ്യോസിന്റെ സാമർത്ഥ്യമില്ലായിരുന്നു എങ്കിൽ നവീകരണക്കാർ പിരിഞ്ഞുപോയപ്പോൾ മലങ്കരസഭയ്ക്ക് ഉണ്ടാകുമായിരുന്ന നഷ്ടം, യഥാർത്ഥത്തിൽ സംഭവിച്ചതിന്റെ പതിന്മടങ്ങ് ആകുമായിരുന്നു.

ഹൃദ്യമായ ഇടപെടലുകളിലൂടെ മറ്റുള്ളവരുടെ വിശ്വാസം നേടുവാൻ സാധിക്കുമായിരുന്നു അദ്ദേഹത്തിന്. സഹപ്രവർത്തകർക്ക് നൽകേണ്ടതും, അതിൽ കൂടുതലും ബഹുമാനം നൽകുന്നത് ഒരു ബലഹീനതയായി ഒരിക്കലും അദ്ദേഹം കരുതിയിരുന്നില്ല. സഭാ ഭരണത്തിന് കൃത്യമായ ഭരണഘടനയോ എഴുതപ്പെട്ട നിബന്ധനകളോ ഇല്ലാതിരുന്ന കാലത്ത് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനിയന്ത്രിതമായ അധികാരങ്ങൾ പ്രയോഗിക്കുവാനുള്ള സാധ്യതകൾ ഉണ്ടായിരുന്നു. എന്നാൽ ജനാധിപത്യമൂല്യങ്ങൾക്കു പ്രാധാന്യം നൽകുവാനുള്ള ഉൾക്കാഴ്ച തിരുമേനിക്കുണ്ടായിരുന്നു. അനേകർ അദ്ദേഹത്തിൽ പൂർണ്ണ വിശ്വാസമർപ്പിക്കുവാനുള്ള കാരണവും അതുതന്നെയാണ്. ഒന്നു രണ്ട് ഉദാഹരണങ്ങൾ മാത്രം ഇവിടെ കുറിക്കുവാൻ ശ്രമിക്കുന്നു.

മലങ്കരസഭയുടെ ഏക ഭരണാധികാരിയായിരുന്ന മലങ്കര മെത്രാപ്പോലീത്തായോടൊപ്പം സഭാസ്വത്തുക്കൾ കൈകാര്യം ചെയ്യുവാൻ രണ്ടു ട്രസ്റ്റിമാർ കൂടെ വേണമെന്ന തീരുമാനം ഉണ്ടായത് 1840-ൽ ആണ്. സി.എം.എസ്. മിഷനറിമാരുമായി വഴിപിരിഞ്ഞപ്പോൾ, സ്വത്ത് ഭാഗം വെയ്ക്കുവാൻ നിയമിതമായ മൂന്നംഗ ആർബിറ്ററേഷൻ കമ്മിറ്റി തയ്യാറാക്കിയ "കൊച്ചിൻ അവാർഡ്" എന്ന പേരിൽ അറിയപ്പെടുന്ന രേഖയിലാണ്, ഇനി മേൽ സഭ തിരഞ്ഞെടുക്കുന്ന ഒരു മെത്രാപ്പോലീത്തായും, ഒരു വൈദികനും, ഒരു അത്മായക്കാരനും, ട്രസ്റ്റികളായിരിക്കുന്ന ഒരു ട്രസ്റ്റ് സഭാ സ്വത്തുക്കൾ ഭരിക്കണം എന്ന തീരുമാനമുണ്ടായത്.

കൂട്ടുട്രസ്റ്റിമാരെ സഭാഭരണത്തിൽ പങ്കാളികളാക്കിയിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ. ഇക്കാര്യത്തിൽ ബഹു. ജോസഫ് ചീരൻ അച്ചന്റെ ചില പരാമർശനങ്ങൾ ഏറ്റവും അനുയോജ്യമായി തോന്നുന്നു: "മെത്രാപ്പോലീത്തൻ ട്രസ്റ്റിയും, വൈദിക ട്രസ്റ്റിയും, അത്മായ ട്രസ്റ്റിയും തമ്മിൽ അഭേദ്യമായ വൈകാരികബന്ധം നിലനിന്നിരുന്നു. ... അത്മായ ട്രസ്റ്റിക്കും, വൈദിക ട്രസ്റ്റിക്കും സഭാഭരണത്തിൽ തുല്യ പങ്കാളിത്തം അനുവദിച്ചിരുന്നു. ...." (ആനപ്പാപ്പി, 2001, പേജ് 13, 14, 16). ആദ്യകാല ട്രസ്റ്റിമാരോടുള്ള ഇടപെടലുകൾ എപ്രകാരമായിരുന്നു എന്നു തെളിയിക്കുവാൻ രേഖകളൊന്നും ഈ ലേഖകന്റെ പക്കലില്ല. എന്നാൽ 1893-ൽ കോനാട്ട് മാത്തൻ മല്പാൻ വൈദിക ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ഇരുവരും തമ്മിൽ നടന്നിട്ടുള്ള എഴുത്തുകുത്തുകൾ പുലിക്കോട്ടിൽ തിരുമേനിയുടെ വിശാല മനസ്കത വെളിവാക്കുന്നു.

തിരുമേനിക്കു വേണ്ടി സുറിയാനിയിൽ കത്തുകളും മറ്റും തയ്യാറാക്കുന്നതിന് മാത്തൻ മല്പാന്റെ സഹായം പലപ്പോഴും ആവശ്യപ്പെട്ടിരുന്നു. പാത്രിയർക്കീസിനും മറ്റും അയക്കേണ്ട കത്തുകൾ ആണെങ്കിൽ പോലും അതിന്റെ പ്രധാന ആശയം നൽകിയിട്ട് ഉചിതമായ ഒരു കത്തു തയ്യാറാക്കുവാൻ ആവശ്യപ്പെടുക മാത്രമാണ് തിരുമേനി ചെയ്തിരുന്നത്. 1906 കന്നി 2-ന്



ഓർമ്മ ജൂലൈ 12-ന് പഴയസെമിനാരിയിൽ

മാത്തൻ മല്പാന് അയച്ച ഒരു കത്തിൽ തിരുമേനി പറയുന്നു: "..... പാത്രിയർക്കീസ് ബാവായ്ക്കും ഒരു കത്ത് അയപ്പാനായി നമുക്കു തോന്നപ്പെട്ടപ്രകാരം ഒരു പകർപ്പ് ഉണ്ടാക്കി അയയ്ക്കുന്നു. ഈ പകർപ്പിൽ ആവശ്യമില്ലാത്തതു കണ്ടാൽ അതു നീക്കിയും, ആവശ്യമെന്നു തോന്നുന്നതിനെ കൂട്ടിയും സുറിയാനിയിൽ അസൽ എഴുതി ഇങ്ങോട്ട് അയച്ചുതരികയും വേണം." ഇങ്ങനെ തയ്യാറാക്കി അയച്ചു കൊടുക്കുന്ന കത്തിന്റെ അടിയിൽ തിരുമേനി ഒപ്പും മുദ്രയും വയ്ക്കുക മാത്രമാണ് പലപ്പോഴും ചെയ്തിരുന്നത് (1908 മിഥുനം 10-ലെ കത്ത്). അത്രമാത്രം തന്റെ കൂട്ടുട്രസ്റ്റിയെ വിശ്വസ്ഥനായി കരുതിയാണ് തിരുമേനി ഭരണം നിർവ്വഹിച്ചിരുന്നത്. പാത്രിയർക്കീസിന് ഒരു സ്വർണ്ണ വടി സമ്മാനിക്കുന്നതിനെക്കുറിച്ച് ഉണ്ടായ ചിന്ത മലങ്കര മെത്രാപ്പോലീത്താ പ്രമുഖരുമായി ആലോചിച്ചശേഷം വൈദിക ട്രസ്റ്റിയുടെ അഭിപ്രായവും ആരായുന്നുണ്ട്. കൂട്ടു ട്രസ്റ്റിയുടെ അഭിപ്രായം കൂടി അറിഞ്ഞശേഷമേ താൻ അതിനുള്ള ഒരുക്കങ്ങൾ ചെയ്യുകയുള്ളു എന്നും ഒരു കത്തിൽ വ്യക്തമാക്കുന്നുണ്ട് (1906 കന്നി 15). ഒരു ആലോചനക്കാരൻ എന്ന നിലയിൽ മാത്രമല്ല, വിഷമഘട്ടങ്ങളിൽ പിൻതുണ നൽകുന്ന ഒരു സുഹൃത്തുമായിരുന്നു അദ്ദേഹം. മാത്തൻ മല്പാനെ കുറിച്ച് മോശമായ ചില പരാമർശനങ്ങൾ "മലങ്കര ഇടവകപത്രിക'യിൽ വന്നപ്പോൾ പത്രാധിപരെ ശാസിക്കയും, ഇനിമേൽ വൈദികട്രസ്റ്റിയെ സഭയുടെ പ്രസിദ്ധീകരണം അവഹേളിക്കയില്ലെന്ന് ഉറപ്പു നൽകുകയും ചെയ്യുന്നുണ്ട് (1904 കുംഭം 23). കവിഞ്ഞൊഴുകിയിരുന്ന ഈ സ്നേഹപ്രകടനങ്ങളോടൊപ്പം ആവ

ശ്യമുള്ള ഗുണദോഷങ്ങളും, താക്കീതുകളും നൽകുന്ന കത്തുകളും കാണുന്നുണ്ട് (1908 മകരം 11). കമ്മിറ്റി മീറ്റിഗുകളിലും മറ്റും ഏതെങ്കിലും കാരണവശാൽ വൈദികട്രസ്റ്റി എത്തിച്ചേരുകയില്ല എന്നു തോന്നിയാൽ, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ നടത്തിയിട്ടുള്ള എഴുത്തുകളും ലഭ്യമാണ്. തിരുമേനിക്ക് തീരെ സുഖമില്ലാത്തതിനാൽ കിടന്നുകൊണ്ടാണ് എഴുതുന്നത്, തീർച്ചയായും കമ്മിറ്റിക്കു വരണം എന്നു നിർദ്ദേശം നൽകുന്ന ഒരു കത്ത് ഈ കൂട്ടത്തിലെ ഒരു ഉദാഹരണം മാത്രമാണ് (1908 വൃശ്ചികം 6).

പ. വട്ടശ്ശേരിൽ തിരുമേനിയുടെ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചു നടന്ന ചില സംഭവങ്ങൾ പുലിക്കോട്ടിൽ തിരുമേനി ജനാധിപത്യ തത്വങ്ങൾക്ക് എത്ര മാത്രം പ്രാധാന്യം നൽകിയിരുന്നു എന്ന് വെളിവാക്കുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ തിരഞ്ഞെടുപ്പ് ഔദ്യോഗികമായി നടന്നത് 1908-ൽ ആണെങ്കിലും, യഥാർത്ഥ തിരഞ്ഞെടുപ്പ് 1902 ഡിസംബർ 2-ന് പ. പരുമല തിരുമേനിയുടെ 30-ാം ചരമദിനത്തിൽ നടന്നിരുന്നു. അന്ന് പരുമലയിൽ കൂടിയ ജനം, ഉച്ച കഴിഞ്ഞ് പുലിക്കോട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടി. സഭയ്ക്ക് പുതിയ മെത്രാന്മാരെ ആവശ്യമുണ്ടെന്ന് യോഗം വിലയിരുത്തുകയും അതിനായി വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാന്റെയും, പൗലൂസ് റമ്പാന്റെയും പേരുകൾ നിർദ്ദേശിക്കുകയും ചെയ്തു (മലങ്കര ഇടവക പത്രിക, 11, 11, പേജ് 202). എന്നാൽ വടക്കുനിന്നു വന്ന പ്രതിനിധികൾ, രണ്ടു മെത്രാന്മാർ അപര്യാപ്തമാണെന്നും, കൂടുതൽ പേർ ആവശ്യമാണെന്നും, അത് ആരൊക്കെയെന്ന് വലിയ തിരുമേനിയും മറ്റു മെത്രാന്മാരും കൂടി തീരുമാനിച്ചാൽ മതിയെന്നും അഭിപ്രായപ്പെട്ടു. ഈ തീരുമാനം എല്ലാവരും കൈയടിച്ചു പാസ്സാക്കി. ഈ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലാണ് വട്ടശ്ശേരിൽ മല്പാനെ 1903-ൽ റമ്പാനാക്കിയത്. ഇടവകപത്രികയിലെ റിപ്പോർട്ടുകളിലും 1908-നു മുമ്പുതന്നെ വട്ടശ്ശേരിൽ മല്പാന്റെ തിരഞ്ഞെടുപ്പ് കഴിഞ്ഞതായി പരാമർശമുണ്ട് (1907, 16, 1, പേജ് 16; 16, 12, പേജ് 225-227). വീണ്ടും ഒരു തിരഞ്ഞെടുപ്പ് കൂടാതെ കാര്യങ്ങൾ നടത്തുവാനുള്ള സാധ്യത പുലിക്കോട്ടിൽ തിരുമേനിക്കു ലഭിച്ചിട്ടും അത് അദ്ദേഹം ചെയ്തില്ല. മെത്രാൻ സ്ഥാനത്തേയ്ക്കുള്ള വിളി അതീവ ശ്രദ്ധാപൂർവ്വം സ്ഥിരപ്പെടുത്തേണ്ടതാകയാൽ, തികച്ചും ജനാധിപത്യപരമായി വീണ്ടും അസോസിയേഷൻ വിളിച്ചു കൂട്ടി തിരഞ്ഞെടുപ്പു നടത്തി.

വളരെ കാലങ്ങൾക്കിടയിൽ മലങ്കരസഭയിൽ നടക്കുന്ന ആദ്യത്തെ ക്രമീകൃതമായ മെത്രാൻ തിരഞ്ഞെടുപ്പായിരുന്നു ഇത് എന്നു കൂടി ഓർക്കണം. ആദ്യകാലങ്ങളിൽ സഭാതലവനായിരുന്ന "ജാതിക്കുകർത്തവ്യൻ" തിരഞ്ഞെടുക്കുകയായിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു. എന്നാൽ അത് എത്രമാത്രം ക്രമീകൃതമായിരുന്നു എന്നു കൃത്യമായി അറിവില്ല. ഒന്നാം മാർത്തോമ്മായെ മെത്രാനായി ഉയർത്താൻ തീരുമാനിച്ച ആലങ്ങാട്ടെ സമ്മേളനം (1653) ഒരു ഉദാഹരണമാണ്. പിന്നീട് വാഴിക്കപ്പെട്ട മലങ്കര മെത്രാന്മാർ ആരുംതന്നെ ക്രമീകൃതമായ ഒരു തിരഞ്ഞെടുപ്പിനെ നേരിടേണ്ടി വന്നിട്ടില്ല. ജനത്തിന്റെ സമ്മതം ആവശ്യമാണ് എന്ന തത്വം നിലനിന്നിരുന്നിരിക്കാം. എന്നാൽ ഈ ജനസമ്മതം പ്രകടിപ്പിച്ചിരുന്നത് വിവിധ തരത്തിലായിരുന്നു. മുളന്തുരുത്തി സുന്നഹദോസിൽ വച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകൃതമായി എങ്കിലും മെത്രാന്മാരെ ഈ അസോസിയേഷൻ തിരഞ്ഞെടുക്കണം എന്നൊരു നിയമം അവിടെ ഉണ്ടായതായി കാണുന്നില്ല. അപ്പോൾ സഭാഭരണഘടന ഉണ്ടാകുന്നതിനു വർഷങ്ങൾക്കു മുൻപേ ക്രമീകൃതമായി മെത്രാൻ തിരഞ്ഞെടുപ്പു നടത്തുന്ന പതിവിന് തുടക്കം കുറിച്ച ആളാണ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ. അസോസിയേഷൻ മാനേജിംഗ് കമ്മിറ്റിയും രൂപംകൊണ്ട നാൾ മുതൽ ആവശ്യമുള്ളപ്പോഴെല്ലാം വിളിച്ചുകൂട്ടി ആലോചന നടത്തുന്ന പതിവാണ് തിരുമേനിക്കുണ്ടായിരുന്നത്.

തിരുമേനിക്ക് ഇഷ്ടമുള്ള ആരെ വേണമെങ്കിലും മെത്രാനായി വാഴിക്കുവാൻ ജനം നൽകിയ അധികാരമാണ് അദ്ദേഹം വേണ്ടെന്നു വച്ചത്. ആരൊക്കെയാണ് മെത്രാൻ സ്ഥാനത്തിന് യോഗ്യന്മാർ എന്ന് ആരാഞ്ഞുകൊണ്ട് മാത്തൻ മല്പാന് അയച്ച ഒരു കത്തും ശ്രദ്ധേയമാണ്. "മകനെ, നമ്മുടെ വൃദ്ധതയെയും ക്ഷീണത്തെയും കുറിച്ച് വിചാരിച്ചാൽ ഭരണത്തിനുള്ള നമ്മുടെ കാലം കഴിഞ്ഞിരിക്കുന്നു. ... വടക്കേ ദിക്കിലെ ഇപ്പോഴത്തെ ഭരണങ്ങൾ വളരെ കുഴപ്പം തന്നെ. അതിനാൽ വടക്കേ ദിക്കിലേക്ക് ആരെ വേണ്ടൂ എന്ന് മല്പാൻ തന്നെ നന്നായി ആലോചിച്ച് നിശ്ചയിക്കുന്നുവോ ആ നിശ്ചയത്തെ നാം സ്വീകരിക്കുകയും, എഴുതി അയയ്ക്കുകയും ചെയ്തുകൊള്ളാം. വടക്കേ ദിക്കിൽ ഇതിലേക്ക് യോഗ്യരായി ഒന്നോ രണ്ടോ പുള്ളികളെ നാം കാണുന്നുണ്ടെങ്കിലും അവരിലൊരാൾ ദീനക്കാരനും, മറ്റൊരാൾ ഒരുവിധം വൃദ്ധനുമായിരിക്കുന്നു. പിന്നെ ആരെല്ലാമോ, മല്പാനു തന്നെ അറിയാം. അതിനാൽ എത്രയും വേഗത്തിൽ ആളെ തിരഞ്ഞെടുത്ത് വേഗത്തിൽ എഴുതി അയപ്പാൻ വിചാരിക്കണം" (1903 ചിങ്ങം 18). മാത്തൻ മല്പാൻ എന്തു മറുപടി കൊടുത്തു എന്ന് അറിയില്ല. ഏതായാലും ഒരു സ്വേഛാധിപതിയായി സ്വന്ത ഇഷ്ടക്കാരെ മെത്രാന്മാരായി തിരുകി കയറ്റാനുള്ള നടപടിയല്ല പുലിക്കോട്ടിൽ തിരുമേനി സ്വീകരിച്ചത്.

ഇരുമ്പുദണ്ഡുകൊണ്ട് തന്റെ അധികാരങ്ങൾ പൂർണ്ണമായി പ്രയോഗിക്കുന്ന ഒരു ഭരണമായിരുന്നില്ല മാർ ദീവന്നാസ്യോസ് അഞ്ചാമന്റേത്. നിരന്തരമായ സമ്പർക്കത്തിലൂടെയും, സ്നേഹസമ്പൂർണ്ണമായ ഇടപെടലിൽ കൂടെയും തന്റെ സഹപ്രവർത്തകരുടെയും, സമുദായ പ്രമുഖരുടെയും, സഭയിലെ വിശ്വാസികളുടെയും വിശ്വാസം നേടുവാൻ സാധിച്ചതാണ് അദ്ദേഹത്തിന്റെ വിജയ കാരണം. നവീകരണക്കാരുമായുള്ള കോടതി വ്യവഹാരങ്ങളിൽ വിജയിക്കുക എന്നത് ആദ്യപടി മാത്രമായിരുന്നു. കേസ് ജയിച്ച ശേഷം അത് നടത്തിയെടുത്ത് സ്വത്തുക്കൾ പിടിച്ചു പറ്റാൻ മാത്രമായിരുന്നു തിരുമേനി ശ്രമിച്ചത് എങ്കിൽ സഭയ്ക്ക് സഹിക്കേണ്ടി വരുമായിരുന്ന നഷ്ടം വലുതാകുമായിരുന്നു. എന്നാൽ കേസുകൾ ജയിച്ചശേഷം ഇടവകകൾ സന്ദർശിക്കുകയും, അവിടുത്തെ ജനങ്ങളെ നേരിൽ കാണുകയും, അവരെ സഭയിൽ പിടിച്ചുനിർത്തുവാൻ പരിശ്രമിക്കുകയും ചെയ്തതിലൂടെയാണ് തന്റെ ദൗത്യത്തെ യഥാർത്ഥ വിജയത്തിലെത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചത്.

വുഡ്ലാൻഡ് പ്രോപ്പർട്ടിയുടെ തീറാധാരം



"1064-മാണ്ടു തുലാമാസം 24-ാം നു പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ നസ്രാണിജാത്യൈക്യ സംഘത്തിന്റെ സ്ഥാപകന്മാരായ കോട്ടയം മണ്ടപത്തുംവാതുക്കൽ കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സെമ്മിനാരിയിൽ താമസിക്കും പള്ളി ഭരിപ്പ് ക്രിസ്തുമതം 56 വയസ്സായ മോസ്റ്റ് റവറന്റ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ഏറ്റുമാനൂർ മണ്ടപത്തുംവാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ കുറവിലങ്ങാട്ടു കരയിൽ കുറവിലങ്ങാട്ടു പള്ളിയിൽ താമസിക്കും 47 വയസ്സായ റവറന്റ് ഫാദർ ഇമ്മാനുവെൽ അബ്രാഹം നിധിയിരി അവർകൾക്കും കൂടെ ആലപ്പുഴ കൊമേർഷ്യൽ ഏജന്റും ഇപ്പോൾ യൂറോപ്പിലേക്കു പോയിരിക്കുന്ന ആളും ആയ മിസ്റ്റർ ഹ്യൂ ക്രാഫോർട്ട് അവർകളുടെ മുക്ത്യാർ നാമാവുകാരനായ ആലപ്പുഴ മുറിയിൽ കടപ്രത്തു പുത്തൻ ബംഗ്ലാവിൽ താമസിക്കും അമേരിക്കൻ കച്ചവടം 62 വയസ്സായ മിസ്റ്റർ ജെയിംസ് ഡാറാ എഴുതിക്കൊടുത്ത തീറാധാരമാവിത്. ടി ക്രാഫോർട്ടു അവർകളുടെ വക താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളും കെട്ടിടങ്ങളും അതിലുള്ള ഈടുമാടുകൾ വൃക്ഷങ്ങൾ മുതലായ സകലവും കൂടി 3541 ബ്രിട്ടീഷ് രൂപാ 4 പൈസക്കു ടി ജാത്യൈക്യ സംഘക്കാരു വകയ്ക്കായി ടി മോസ്റ്റ് റവറന്റു മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ടി റവറന്റു ഫാദർ ഇമ്മാനുവെൽ അബ്രാഹം നിധിയിരി അവർകൾക്കും കൂടി ടി ഹ്യൂ ക്രാഫോർട്ട് അവർകളുടെ മുക്ത്യാർ അധികാരപ്രകാരം 1886 മാർച്ച് 24-ാം തീയതി ഞാൻ തീറുവായി വസ്തുക്കൾ ഒഴിഞ്ഞുതന്നു. ആ വകക്കു അർത്ഥം പറ്റു വിവരം 1886 മാർച്ച് 24-ാം നു തന്ന രൂപാ 500-ം നവംബർ 4-ാം തീയതി രൂപ 557-ം ടി ഡിസംബർ 16-ാം തീയതി തന്ന രൂപാ 340-ം 1887 മാർച്ച് 2-ാം തീയതി തന്ന രൂപാ 2144 പൈ 4-ം ആകെ വരവു രൂപാ 3541 പൈ 4. ടി രൂപാ 3541 പൈ 4-ം പറ്റിക്കൊണ്ടു ടി വസ്തുക്കൾ മേൽപ്രകാരം തീറുതന്ന കൈവശപ്പെടുത്തിതന്നിരിക്കൊണ്ടു ടി വസ്തുക്കൾ പേരിൽ കൂട്ടി കരംതീർത്തു തീറുവാകെ അനുഭവിച്ചുകൊള്ളുന്നതിനു സമ്മതിച്ചിരിക്കുന്നു."

(കോട്ടയം എം.ഡി. സെമിനാരി വസ്തു വാങ്ങിയതിന്റെ രേഖ)

Article

The inclusive and global vision of Joseph Mar Dionysius V (Pulikkottil II), Malankara Metropolitan (Malankara Sabha Thejas)

Rincy John

Like a caring shepherd, Pulikkottil II Thirumeni not only faithfully guided the flock but also envisaged a brilliant vision to have the flame of the Orthodox faith be lit worldwide. Under Thirumeni's leadership, we see the emergence of two such prominent clergies- one from the Roman church and one from the Parsi community, namely Blessed Alvares Mar Julius Thirumeni and Fr Dr. S.D. Baba respectively.

(A) Fr. Dr. S.D. Baba- From Zoroastrianism to Orthodoxy.


Pulikkotil II Thirumeni lived in an era when India was under the colonial rule of the British Empire. Thirumeni wished that an ambassador of the Orthodox Church in India should be present in London who would mainly publish details/news regarding the Malankara Church in the English newspapers and represent the Malankara Orthodox Church in important events taking place in London- the capital of that empire known as the one on which the sun never sets. Thirumeni's vision was that having such representation will increase the glory of Malankara Orthodox Church worldwide. Without much delay, Thirumeni's fervent prayers for this desire was answered in the person of Fr. Dr. S.D. Baba.

Dr. S.D. Baba was a Parsi by birth and a native of Pune. He left for England at a young age and became a doctor by profession after completing medical studies. He embraced Christianity and was a part of the Presbyterian church. He also became an ordained minister with Presbyterian community.

Though Dr. Baba wasn't known to Mar Dionysius V Thirumeni but he was aware about the existence of the Malankara Orthodox church and her history. We can assume that it would have been due to Alvares Thirumeni's outreach that someone like Dr Baba would have known about the Malankara Orthodox church which was then concentrated in Kerala only. Of course, that period was almost a century before the internet or social media happened wherein, we could get the information on our fingertips.

Eventually, Dr Baba met Pulikkottil II Thirumeni and over the course of time he became well versed with the tenets of the Orthodox faith and became a member of the Malankara church. Dr S.D. Baba wished to be an ordained priest of the Malankara Orthodox church. Since the ordination from Presbyterian church was not considered valid and travelling from London to India will be a cumbersome affair (including financial burden), Pulikkottil Thirumeni instructed him to travel to Jerusalem and get ordained by the Syriac Metropolitan Elias Mar Ivanios Thirumeni. Mar Ivanios gave diaconate and priesthood ordination to Dr S.D. Baba. With the approval from Pulikkottil Thirumeni, Fr. Dr. S.D. Baba was appointed as the Ambassador of the Malankara Orthodox Church to London.

He was a passionate about and remained firm in the Orthodox faith. He translated the liturgy of St James in English and would celebrate the Holy Qurbana in English using the translated version. It is sad to note that almost




a century later, there are still parishes in the diaspora who are in two minds about having the liturgy in English catering to the youth!

Fr Dr. S.D Baba had written articles and essays about our Church in the English dailies. Fr S.D. Baba was invited as the representative of the Malankara Church to attend the funeral of King Edward and was given the honor equivalent to what was bestowed to the ambassadors from different countries.

* * * * * * *

B) Blessed Alvares Mar Julius Thirumeni- the courageous prelate who upheld the True Faith amidst persecutions.

The Goan priest Fr. Alvares was disgruntled with the Roman church


Fr. Alvares

and his quest for the true apostolic church led him to Malankara. What attracted the Goan padre to the Orthodox fold, was not only its faith and the indigenous nature of the Malankara Church, but also the pleasing and loving personality of Pulikkottil II Thirumeni. Thirumeni wholeheartedly welcomed Fr Alvares to the Orthodox faith, who was later ordained to the order of bishophood. Like this nation's patron saint- St Thomas, Blessed Alvares Thirumeni's mission was spread across geographies many of which is yet to be discovered.

It is impossible to pen down the missionary activities of Blessed Alvares Thirumeni's in few paragraphs. In a society entrenched deep into caste-based discrimination, Mar Alvares's mission extended to the people of lower castes (which included the fishermen community in the present Tamil Nadu). This happened ages before Mahatma Gandhi coined the term 'Harijan'. At a time when it was unthinkable to include people from lower caste to the mainstream, Mar Dionysius V Thirumeni offered his support to the newly converts thus- "this group was to be considered as my own flock and I take much interest and warm care in their welfare."

One thing to note as we commemorate Pulikkottil II Thirumeni's memory is his vision and focus on the Church's outreach to different communities which is seen from the example above. It was also evident with the ordination of Rene Villate (Mar Timetheos) to cater the spiritual needs of the Western world.

With Pulikkottil II Thirumeni's repose, the disconnect with Mar Alvares Thirumeni's mission grew and it is an unfortunate naked truth that Mar Alvares wasn't accorded the due honor for countless years by the Malankara Orthodox Church. Now, when we commemorate the memory of Blessed Alvares Thirumeni with much devotion and glory, indeed the soul of his spiritual guru- Pulikkottil II Thirumeni will be content!

Had it not been for the Mar Dionysius V Thirumeni- the brilliant visionary, the church would have been never blessed with the presence of Blessed Alvares Thirumeni and Fr. Dr. S.D Baba!

* * * * * * *

May the prayers and intercessions of the holy fathers be our refuge always!

Reference:

Translated from Malayalam, Malankara Sabhayude Suvarna Yugasilpi, Malankara Sabha Thejas Pulikkottil Joseph Mar Dionysius II, Vol. I, Editor- Fr. Dr. Joseph Cheeran, Published by: Dr. Geevarghese Mar Yulios, M. J. D. Publishing House, Kunnamkulam, 2011, Pg-641,642.

Saints, Goddesses And Kings - Muslims and Christians in South Indian Society, 1700-1900, Susan Bayly, Cambridge University Press-1989. Pg 318.



കുട്ടിക്കാനം എം.ബി.സി കോളേജിന്റെ കട്ടപ്പന എക്സ്റ്റൻഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചു

കട്ടപ്പന: കോവിഡ് 19 വ്യാപനം മൂലം ഉന്നത വിദ്യാഭാസരംഗത്ത് ആശങ്കയിലും അനിശ്ഛിതത്വത്തിലുമായ വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും സംശയങ്ങൾ പരിഹരിക്കുന്നതിനും അഡ്മിഷൻ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും എഞ്ചിനീയറിംഗ് വിദ്യാഭാസ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന കുട്ടിക്കാനം എം.ബി.സി എഞ്ചിനീയറിംഗ് കോളേജിന്റെ അഡ്മിഷൻ കം എക്സ്റ്റൻഷൻ ഓഫീസ് കട്ടപ്പന ഐ.സി.ഐ.സി ബാങ്കിന് സമീപമുള്ള കേരള ഹൗസിംഗ് ബോർഡ് ഷോപ്പിംഗ് കോംപ്ലക്സിൽ കട്ടപ്പന മുൻസിപ്പാലിറ്റി ചെയർമാൻ ജോയി വെട്ടിക്കുഴി ഉദ്ഘാടനം ചെയ്തു. കട്ടപ്പന ഡി.വൈ.എസ്.പി എൻ.സി.രാജ്മോഹൻ മുഖ്യപ്രഭാഷണം നടത്തി.എൻ.പി. ഏലിയാസ് കോർ എപ്പിസ്കോപ്പ അനുഗൃഹ പ്രഭാഷണം നടത്തി. വിദ്യാർത്ഥികൾക്ക് സുരക്ഷിതവും ആരോഗ്യപൂർണ്ണവുമായ വിദ്യാഭാസ പരിതസ്ഥിതി സൃഷ്ടിക്കുകയാണ് കോളജ് ലക്ഷ്യമിടുന്നതെന്ന് ഡയറക്ടർ ഫാ. ജിജി പി. എബ്രഹാം പറഞ്ഞു. കോവിഡ് 19 വ്യാപനം മൂലം മാറിയ സാഹചര്യങ്ങളിൽ ആശങ്കരഹിതമായി ഉയർന്ന പഠനനിലവാരം ഉറപ്പാക്കുന്നതിന് കോളേജ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രിൻസിപ്പാൾ ഡോ.ജയരാജ് കൊച്ചുപിള്ള അറിയിച്ചു. സാജൻ ജോർജ്, കോളേജ് സ്റ്റുഡന്റ് അഡ്വൈസർ ഫാ. കുരുവിള പെരുമാൾ ചാക്കോ , കോളേജ് ബർസാർ കെ.എ. എബ്രഹാം,ഫാ. ജോസഫ് തെക്കേവയലിൽ, ബിജു മഹാദേവൻ , ഫാ.തോമസ് മണിയാട്ട് , അഡ്വ. എം. കെ. തോമസ്, അബ്ദുൾ സത്താർ മൗലവി,വി. ആർ. സജി, ഫാ.ജെയിംസ് പി.മാമ്മൻ, എം.കെ ശശിധരൻ നായർ, ഫാ.ജോസ് സാമുവേൽ, കെ.പി. ഹസൻ, ബെന്നി കല്ലുപുരയിടം, സാജു പട്ടരുമഠം, എ.എച്ച് കുഞ്ഞുമോൻ, വി.ആർ.ശശി, ഷാജി നെല്ലിപറമ്പിൽ, ജോഷി ജോസഫ് ജോഷി ജോസഫ്, കോളേജ് വിവിധ വകുപ്പ് മേധാവികൾ എന്നിവർ സംബന്ധിച്ചു.

ലേഖനം

എന്റെ ആത്യന്തിക ദർശനം

ഞാൻ എങ്ങനെ ഒരു പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്ത്യാനിയായി

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

എന്തുകൊണ്ടാണ് ഞാൻ ഒരു പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്ത്യാനി ആയിരിക്കുന്നത്? എന്റെ സ്വയനിർണയം വെറും ഭാഗികമായ ഒരു ഉത്തരം മാത്രമേ ആയിരിക്കുകയുള്ളൂ. എന്റെ കുടുംബം വളരെ പുരാതനമായ ഒന്നാണ്. ശരിയാണെങ്കിലും തെറ്റാണെങ്കിലും വേണ്ടില്ല, അതിന്റെ പൈതൃകം പരിശുദ്ധ തോമാ ശ്ലീഹായിൽ ആണെന്നത്രെ കണ്ടെത്തിയിരിക്കുന്നത്. ലോകത്തിലെ ഏതൊരു ക്രൈസ്തവസഭയേക്കാളും പൗരാണികത അവകാശപ്പെടാവുന്ന ഒരു സഭയിലെ അംഗമാണ് ഞാൻ; ഒരു പക്ഷേ യറുശലേമിലെ മാതൃസഭയെ മാറ്റി നിർത്തിയാൽ. പന്തിരുവരിൽ ഒരുവനായ തോമാ ശ്ലീഹാ ഒന്നാം ശതകത്തിന്റെ മദ്ധ്യത്തോടെ ഇന്ത്യയിൽ വന്നുവെന്ന് വിശ്വസിക്കപ്പെടുന്നു; അതായത് യേശു ക്രിസ്തുവിന്റെ ക്രൂശുമരണവും ഉയിർപ്പും കഴിഞ്ഞ് രണ്ടു ദശകങ്ങൾക്കകം തന്നെ. തോമാ ശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷി മരണം വരിച്ചു; മദ്രാസിനു സമീപം മൈലാപ്പൂരിൽ കബറടക്കപ്പെട്ടു. കേരളത്തിലെ പൗരസ്ത്യ ക്രൈസ്തവ സമൂഹം ചരിത്രത്തിലെ നിരവധി അവസ്ഥാന്തരങ്ങളിൽ കൂടെ കടന്നുപോയി; പ്രധാനമായും റോമൻ കത്തോലിക്കരുടെയും പ്രൊട്ടസ്റ്റന്റുകാരുടെയും, അതായത് പാശ്ചാത്യ സഭാ മിഷണറിമാരുടെ അതിക്രമ പ്രവർത്തനങ്ങളിൽ കൂടെ കടന്ന് ഇന്നുവരെയും സജീവമായി നിലനിന്നുപോരുന്നു.

അങ്ങനെയെങ്കിൽ എന്റെ മേൽ ആ നിർണയം വന്നു ഭവിക്കുകയായിരുന്നു; ആദ്യമേ ആരോ എന്റെ ജനനം ഇന്ത്യയിൽ ഒരു ക്രൈസ്തവ മാതാപിതാക്കളിൽ ആക്കിത്തീർത്തു, തുടർന്ന് എന്റെ മാതാപിതാക്കൾ എന്റെ നാല് സഹോദരന്മാരെപ്പോലെ തന്നെ ഔദ്യോഗികമായി മലങ്കര ഓർത്തഡോക്സ് സഭ എന്നറിയപ്പെടുന്ന ഞങ്ങളുടെ സഭയിൽ വിശുദ്ധ മാമോദീസാ നൽകി ആ സഭയുടെ ഭാഗമാക്കി മാറ്റി. എന്നാൽ, പിൽക്കാലത്ത് ഞാൻ എന്റെ ഇച്ഛയനുസരിച്ച് പ്രസ്തുത നിർണയം സ്വയം ഉറപ്പിക്കുകയും ചെയ്തു. എനിക്ക് വേറെ എത്രയോ സഭകളിൽ അംഗത്വം സ്വീകരിക്കാമായിരുന്നു! ഒരു മെനോനൈറ്റ് ആകാമായിരുന്നു, ഒരു പ്രെസ്ബിറ്റേറിയൻ ആകാമായിരുന്നു. 1950–1952 കാലത്ത് ഞാൻ ഗോഷൻ കോളജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ മെനോനൈറ്റുകളുമായി വളരെ അടുപ്പമുള്ള ബന്ധം പുലർത്തിയിരുന്നവനാണ്. 1952–1954 കാലത്ത് പ്രിൻസ്റ്റൺ വേദശാസ്ത്ര കോളജിൽ ബി.ഡി. ക്കു പഠിക്കുമ്പോൾ പ്രസ്ബിറ്റേറിയൻ സഭയിൽ അംഗത്വം എടുക്കാമായിരുന്നു. എന്റെ വേദശാസ്ത്ര പഠനം ഏതാണ്ട് മുഴുവനും യേൽ, ഓക്സ് ഫഡ് ഉൾപ്പെടെ പ്രൊട്ടസ്റ്റന്റ് സ്ഥാപനങ്ങളിൽ ആയിരുന്നു. എന്നാൽ നവീകരണ ചിന്താഗതികളുമായുള്ള എന്റെ ഇടപെടലുകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കാത്തുസൂക്ഷിച്ചുപോരുന്ന അപ്പോസ്തോലിക പാരമ്പര്യത്തിൽ ഉറച്ചു നിൽക്കുവാൻ എനിക്കു സഹായകമായി ഭവിച്ചു.

അഖിലലോക സഭാകൗൺസിലിന്റെ അസോസിയേറ്റു സെക്രട്ടറിയായി ജോലി നോക്കുന്ന കാലത്ത് നവീകരണ വിഭാഗത്തിലും പൗരസ്ത്യ ഓർത്തഡോക്സിയിലും ഉൾപ്പെട്ട സഭകളെയെല്ലാം അടുത്തറിയുന്നതിനും അവിടങ്ങളിൽ ബൈബിൾ പഠനം നയിക്കുന്നതിനും സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനും എനിക്കു ധാരാളം അവസരങ്ങൾ ലഭിച്ചു. പ്രൊട്ടസ്റ്റന്റ് സഭാനേതാക്കളിൽ അധികപങ്കും സഭകളുടെ അഖിലലോക കൗൺസിലിന്റെ കേന്ദ്രകമ്മറ്റിയംഗങ്ങളായിരുന്നതിനാൽ അവരെ വ്യക്തിപരമായി അറിയുന്നതിനും എനിക്കു കഴിഞ്ഞു.

പൗരസ്ത്യ ഓർത്തഡോക്സ് സഭ കാര്യഗൗരവമുള്ള പല കാര്യങ്ങളിലും, നാം പ്രഖ്യാപനം ചെയ്യുന്ന ഏക അപ്പോസ്തോല പാരമ്പര്യത്തോടുള്ള പ്രതിബദ്ധതയിൽ മറ്റു സഭകളേക്കാൾ കൂടുതൽ വിശ്വസ്തമാണെന്ന് ഈ വർഷങ്ങളിൽ എനിക്കു കൂടുതൽ ബോധ്യമായി. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രകടമായ അവിശ്വസ്തതയും എനിക്കു മനസ്സിലായി – അമിതമായ വംശീയഭക്തി, മനുഷ്യരാശിയെ സ്നേഹിക്കുന്നതിലും പരമാവധി സേവിക്കുന്നതിലുമുള്ള ദൗർബല്യം, ആഗോളമനുഷ്യരാശിയുടെ മേൽ ആഞ്ഞടിച്ച



ബൂർഷ്വാ മുതലാളിത്ത വ്യാവസായിക നാഗരികതയുടെ സാംസ്ക്കാരികവും ആദ്ധ്യാത്മികവും ധൈഷണികവുമായ പോരാട്ടങ്ങളുമായും പരാജയങ്ങളുമായും പൊരുത്തപ്പെടുന്നതിൽ നേരിട്ട പരാജയം തുടങ്ങിയവ. പൗരസ്ത്യ ഓർത്തഡോക്സിയിൽ തുടർന്നുപോന്ന അങ്ങേയറ്റം അക്രൈസ്തവമായ അധികാര പോരാട്ടങ്ങളും ഞാൻ മനസ്സിലാക്കി – പല പാശ്ചാത്യ സഭകളിലും ഉള്ളതിനേക്കാൾ അല്പം കൂടുതലായിത്തന്നെ അപലപനീയമായിരുന്നു ഇവ. ഇതൊക്കെയാണെങ്കിലും, വർഷങ്ങൾ കഴിയുന്തോറും പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തോടുള്ള എന്റെ ഭക്തിയും സ്നേഹവും ആഴമേറിക്കൊണ്ടിരുന്നു.

പ്രശസ്തരായ റോമൻ കത്തോലിക്കരുമായുള്ള വ്യക്തിഗത സൗഹൃദത്തിലൂടെയും പരന്ന വായനയിലൂടെയും റോമൻ കത്തോലിക്കാ പാരമ്പര്യവും വ്യാപകമായി അഭിമുഖീകരിക്കുന്നതിന് എനിക്ക് അവസരം കിട്ടി. അറുപതുകളിലും എഴുപതുകളിലും വത്തിക്കാനുമായി എനിക്ക് ഉറ്റബന്ധമുണ്ടായി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഡലിഗേറ്റഡ് നിരീക്ഷകൻ എന്ന നിലയിലും (1962–'65) പില്ക്കാലത്ത് 12 വർഷം സഭകളുടെ അഖിലലോക കൗൺസിലിന്റെ ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് അംഗമെന്ന നിലയിലും കത്തോലിക്കാ സഭാനേതാക്കളോടൊത്ത് ഞാൻ പ്രവർത്തിച്ചു. പോൾ ആറാമൻ, ജോൺ പോൾ ഒന്നാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ മാർപ്പാപ്പാമാരുമായി ഞാൻ വ്യക്തിപരമായ ബന്ധം പുലർത്തി. വിയന്നായിലെ പ്രോ – ഓറിയന്റെ ഫൗണ്ടേഷൻ എഴുപതുകളിലും എൺപതുകളിലും ഓറിയന്റൽ ഓർത്തഡോക്സ് – റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ തമ്മിൽ നടത്തിയ അരഡസനോളം അനൗദ്യോഗിക സംഭാഷണങ്ങളിൽ റോമൻ കത്തോലിക്കാ സഭയിലെ പല പ്രമുഖ ദൈവശാസ്ത്രജ്ഞന്മാരുമായി അടുത്തു പ്രവർത്തിക്കുവാൻ എനിക്ക് അവസരം കിട്ടി.

മറ്റു മതങ്ങളെക്കുറിച്ച്

എന്റെ സ്വന്തം പാരമ്പര്യത്തിൽ ഉൾപ്പെടുന്ന അമൂല്യങ്ങളായ സംഗതികൾ തൽക്കാലം ഒന്ന് മാറ്റിവച്ചിട്ട് മറ്റു മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട കുറച്ചു കാര്യങ്ങളിലേക്ക് കടക്കട്ടെ. ഇവിടെ എന്റെ വായനക്കാർക്ക് ഒരു ചോദ്യം ഉന്നയിക്കാവുന്നതാണ്. ഇന്ത്യയിൽ ജന്മം കൊണ്ട ഞാൻ എന്തുകൊണ്ട് ഒരു

ഹൈന്ദവ മതാനുയായിയായി മാറിയില്ല?

ഒന്നാമത്തെ ഉത്തരം, ചരിത്രത്തിന്റെ നാൾവഴികളിൽ ഒരിക്കൽപോലും ഇന്ത്യാക്കാർ എല്ലാവരും ഒരേപോലെ ഹിന്ദുക്കൾ ആയിട്ടില്ല. ഹിന്ദു എന്ന ഒരു ആശയം തന്നെ വളരെ വൈകി രൂപംകൊണ്ട ഒരു സൃഷ്ടി മാത്രമാണ്. 'ഹൈന്ദവ മതം' എന്ന പേരിൽ ഒരു മതം ഇവിടെ ഇന്ത്യയിൽ രണ്ടോ മൂന്നോ ശതകങ്ങൾക്കു മുമ്പു വരെ ഉണ്ടായിരുന്നില്ല എന്നോർക്കണം. ഇന്ത്യ എല്ലാ കാലവും ഒരു ബഹു വിശ്വാസ മത സമന്വയ സമൂഹം ആയിരുന്നു. ബി.സി. ആറാം ശതകത്തിലായിരുന്നല്ലോ ജൈന മഹാവീരനും ശ്രീബുദ്ധനും ഭാരതത്തിൽ അവരുടെ പ്രവർത്തനങ്ങൾ നടത്തിയത്. അതിനു മുൻകാലത്തൊന്നും ഇന്ത്യയിൽ അധിവസിച്ചിരുന്ന ജനസമൂഹം ഒരു പൊതുവായ മതം സ്വീകരിച്ചിരുന്നില്ല. അന്ന് ശ്രാവണ വിഭാഗക്കാരും ദിഗംബര സന്യാസിമാരും അജ്ഞൈകരും ആദിവാസികളും ഒക്കെ ഇവിടെ സ്ഥിരമായി വസിച്ചിരുന്നു. അവർക്കൊക്കെത്തന്നെ യാഥാർത്ഥ്യവുമായി നിരക്കുന്ന തങ്ങളുടേതായ മതവിശ്വാസങ്ങൾ ഉണ്ടായിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. പിൽക്കാലത്ത് താന്ത്രിക, ശൈവ, വൈഷ്ണവ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ മുൻഗാമികളും അതുപോലെയുള്ള അനവധി ഭക്തസമൂഹങ്ങളും കാലാകാലങ്ങളായി ഇന്ത്യയിൽ രൂപപ്പെട്ടു. ഇവരിൽ അധിക കൂട്ടരും വേദങ്ങളുടെ ആധികാരികത അംഗീകരിച്ചവരല്ല. നാളുകൾക്കുശേഷം ബ്രാഹ്മണർ വരികയും സനാതന ധർമ്മത്തിൽ മേൽക്കൈ ആർജ്ജിക്കുകയും ചെയ്തു. അവർ ഇന്ത്യയിൽ പുതുതായി വന്നുചേർന്നവരാണ്. മദ്ധ്യേഷ്യയിൽ നിന്ന് ഇവിടേയ്ക്കു കുടിയേറിയ ബ്രാഹ്മണർ തികച്ചും ന്യൂനപക്ഷമായിരുന്നുവെങ്കിലും ക്രമേണ അവർതന്നെ രൂപംകൊടുത്ത ജാതിവ്യവസ്ഥയിൽ മേൽക്കൈ നേടിയെടുത്തു. ആയിരത്തോളം വർഷക്കാലം കൊണ്ട് ചെറിയ ചെറിയ സമൂഹങ്ങളുടെ മദ്ധ്യേഷ്യയിൽ നിന്നുള്ള കുടിയേറ്റങ്ങൾക്ക് ശക്തി പകരുകയും ചെയ്തു. അതായത് ബ്രാഹ്മണത്വം ഭാരതീയ പാരമ്പര്യത്തിൽ മറ്റേതൊരു മതവിഭാഗത്തെയും പോലെ വൈദേശികം തന്നെയാണ്. എന്നാൽ പല തരത്തിലുള്ള സംഘട്ടനങ്ങൾക്കു ശേഷം കാലക്രമേണ തദ്ദേശീയം എന്ന സ്ഥാനം ആർജ്ജിക്കുകയായിരുന്നു. ഇതിലേക്ക് നയിച്ച സംഘട്ടനങ്ങൾ പലപ്പോഴും അക്രമാസക്തങ്ങളായിരുന്നു താനും.



ഇന്ന് നമ്മൾ പ്രധാനമായും എട്ട് മതങ്ങളെയാണ് ഇന്ത്യയിൽ അംഗീകരിച്ചിരിക്കുന്നത്. ഇവയിൽ നാലെണ്ണത്തിന്റെ ഉദ്ഭവം ഇന്ത്യയിൽ തന്നെയാണ്; ബുദ്ധ മതം, ജൈന മതം, സിക്കു മതം, സനാതന ധർമ്മം എന്ന വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും മതം. ബാക്കി നാലെണ്ണം വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവയാണ്; യഹൂദ മതം, ക്രൈസ്തവ മതം, ഇസ്ലാം മതം, സൊരാഷ്ട്രീയ മതം. ഈ എട്ടു മതങ്ങളും പൂർണ്ണമായും ഭാരതീയ മതങ്ങൾ തന്നെയാണ്. ഏറ്റവും ഒടുവിൽ ഇവിടെ എത്തിയ ഇസ്ലാം മതം തന്നെ 12 ശതകങ്ങളായി ഭാരതത്തിൽ സജീവമാണ്. മുകളിൽ പറഞ്ഞവയിൽ രണ്ടാമത്തെ കൂട്ടത്തിലെ നാലു മതങ്ങൾ ഭാരതീയമല്ല, വൈദേശികമാണ് എന്ന് മുദ്ര കുത്തുവാൻ അഭിനിവേശം കാണിച്ചവർ തീവ്ര ഹിന്ദുത്വത്തിന്റെ അഥവാ സംഘപരിവാർ പ്രവർത്തകരുടെ ആശയങ്ങളെ ഭ്രാന്തമായി പിന്താങ്ങുന്നവർ മാത്രമാണ്.

ഭാരതീയ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് പറയുവാൻ സാധിക്കുന്ന ഒരു പ്രധാനപ്പെട്ട സംഗതി, അത് ഒരിക്കലും സമാന പ്രകൃതം നിലനിർത്തിപ്പോരുന്നതോ മതേതര പ്രകൃതത്തോടു കൂടിയതോ ആയിരുന്നില്ല എന്ന് തന്നെയാണ്. അത്തരം ഒരു പൈതൃകത്തിന്റെ നടുവിലാണ് ഒരു ക്രൈസ്തവനായി ഞാൻ വളർന്നുവന്നത്. സ്കൂളിൽ ഞാൻ പഠിച്ചിരുന്നപ്പോൾ ആകെ വിദ്യാർത്ഥികളിൽ മൂന്നിലൊന്നെങ്കിലും ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. മറ്റുള്ളവർ ഇസ്ലാമിക കുടുംബങ്ങളിൽ നിന്നും സനാതന ധർമ്മത്തിന്റെ വിവിധ തലങ്ങളിൽ നിന്നും ഉള്ളവരും. എന്റെ ചെറിയ പ്രായത്തിൽ അക്രൈസ്തവർ രക്ഷ പ്രാപിച്ചവരല്ല എന്ന നിലയിൽ അകറ്റി നിർത്തപ്പെടണമെന്ന പാശ്ചാത്യ മിഷനറി ചിന്തകൾ എന്നിൽ യാതൊരുവിധ മസ്തിഷ്ക്ക പ്രക്ഷാളനവും വരുത്തിയില്ല എന്നതാണ് വാസ്തവം.

ഞങ്ങളുടെ സമുദായമാകട്ടെ, മതപരമായി ഒരു സഹവർത്തിത്വ മനോഭാവം വികസിപ്പിച്ചെടുക്കുന്നതിൽ ആയിരുന്നു ശ്രദ്ധിച്ചത്; ചിലരൊക്കെ പ്രചരിപ്പിക്കുന്നതുപോലെ, ഇത് മറ്റു മതങ്ങളോടുള്ള വെറും ഒരു സഹിഷ്ണുതാഭാവം ആയിരുന്നില്ല. മറിച്ച്, ഇതര വിശ്വാസികളോടു വേണ്ടതായ യഥാർത്ഥ സാഹോദര്യ സൗഹൃദ ഭാവം ആയിരുന്നു. ഉദാഹരണത്തിന്, ഞങ്ങളുടെ ഭവനത്തിന്നടുത്തുള്ള ഒരു ദേവാലയത്തിലായിരുന്നു എന്റെ സൺഡേസ്കൂൾ പഠനം നടന്നത്. ഗീവർഗീസ് സഹദായുടെ പെരുന്നാളിനോടു ചേർന്ന് തെരുവുകൾ നിറയുന്ന വലിയ പ്രദക്ഷിണങ്ങൾ നടക്കുക പതിവായിരുന്നു. ഈ പ്രദക്ഷിണങ്ങൾക്ക് വലിയ കുരിശുകളും ഉയിർപ്പിനെ സൂചിപ്പിക്കുന്ന വെളുത്ത കൂറ്റൻ കൊടികളും ഉപയോഗിക്കുന്ന രീതി നിലനിന്നിരുന്നു. തൊട്ടടുത്തു വിഷ്ണു ക്ഷേത്രത്തിൽ ഉത്സവം നടക്കുമ്പോൾ വിഷ്ണുവിന്റെ രൂപവുംകൊണ്ട് വലിയ പ്രദക്ഷിണങ്ങൾ നടക്കുന്നതും സാധാരണ പതിവായിരുന്നു. ക്ഷേത്രത്തിൽ നിന്നുള്ള പ്രദക്ഷിണം ക്രൈസ്തവർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ കൂടെയും ക്രൈസ്തവരുടെ പ്രദക്ഷിണം ഹൈന്ദവർ ധാരാളമായി വാസം ചെയ്യുന്ന ഭാഗങ്ങളിലൂടെയും കടന്നുപോകാറുണ്ടായിരുന്നു. തങ്ങളുടെ പ്രദക്ഷിണങ്ങൾ ഏറെക്കുറെ അവരവരുടെ നിലപാടുകളുടെ ഒരു തരം പരസ്യ പ്രകടനങ്ങൾ കൂടിയായി ചിലരെങ്കിലും കണക്കാക്കിയിരുന്നതിനാൽ വർഗീയ സംഘർഷങ്ങൾക്കുള്ള സാധ്യതയും വളരെയായിരുന്നു.

ഇത്തരം സാധ്യതകൾക്ക് വിരാമം ഇടുവാൻ സഹായകരമാകുമാറ്, പാശ്ചാത്യ ക്രൈസ്തവരെ ഞെട്ടിപ്പിച്ചേക്കാവുന്ന, ഒരു ഐതിഹ്യം ഞങ്ങളുടെ നാട്ടിൽ നാളുകളായി നിലനിന്നിരുന്നു. വി. ഗീവർഗീസ് സഹദായും മഹാവിഷ്ണുവും ഏകോദര സഹോദരങ്ങൾ ആയിരുന്നു എന്നത്രെ ഈ ഐതിഹ്യം. ശൈശവ പ്രായത്തിൽ പോലും അത് അപ്പാടെ വിശ്വസിക്കുവാൻ എനിക്ക് സാധിച്ചിരുന്നില്ല. എന്നാൽ ഹൈന്ദവ സഹോദരങ്ങളോട് നല്ല നിലപാടുകൾ എടുക്കുവാൻ ഇത് സഹായകരമായി. 'മാപ്പിള' എന്ന ഒരു പൊതു സംജ്ഞയിൽ അറിയപ്പെട്ടിരുന്നതുകൊണ്ട് ക്രൈസ്തവരും മുസ്ലീങ്ങളും സഹോദര ഭാവത്തിൽ തന്നെ കഴിഞ്ഞുകൂടി. അങ്ങനെ അന്യമതസ്ഥരോടുള്ള സാഹോദര്യ ഭാവം നിലനിർത്തിക്കൊണ്ടുതന്നെ എന്റെ ശൈശവം കടന്നുപോയി. അവരുടെ ആചാരങ്ങൾ കുറെയൊക്കെ ഞാൻ വശമാക്കിയിരുന്നെങ്കിലും വിശ്വാസപരമായി ആഴത്തിൽ ഒന്നും അവരെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല.

എനിക്ക് ഇപ്പറഞ്ഞതരം അറിവുകൾ ആർജ്ജിക്കുവാൻ കുറെക്കാലം കാത്തിരിക്കേണ്ടതായി വന്നു എന്നതാണ് വാസ്തവം. പാശ്ചാത്യ ക്രിസ്ത്യാനിത്വത്തിന്റെ സാംസ്ക്കാരികാഹന്തയോടും ധൈഷണിക സങ്കുചിതത്വത്തോടും മറുതലിച്ച് 1954-ൽ പ്രിൻസ്ടണിൽ നിന്നു മടങ്ങിയെത്തിയ ശേഷമുള്ള 40 വർഷങ്ങളിലാണ് മറ്റു മതവിശ്വാസങ്ങളെപ്പറ്റി ഞാൻ ആഴത്തിൽ പഠിക്കുവാൻ ശ്രമിച്ചത്. ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിലുള്ള സംവാദങ്ങളിൽ ഞാൻ ഭാഗഭാക്കായി. സ്റ്റാൻലി ജോൺസിന്റെ സത്താർ ആശ്രമത്തിൽ വച്ച് നടന്ന ഒരു സംവാദം ശ്രദ്ധേയമായിരുന്നു. പ്രബന്ധങ്ങൾ സാധാരണഗതിയിൽ മര്യാദയുടെ മുഖമുദ്രചൂടി. സാർവ്വത്രികമായ സ്നേഹസാഹോദര്യങ്ങളുടെ മുഖാവരണം എടുത്തു ചൂടിക്കൊണ്ട്, തങ്ങൾ മറ്റുള്ളവയെ അപേക്ഷിച്ച് കൂടുതൽ ശരിയാണെന്ന് ഓരോ മതവും ചൂണ്ടിക്കാട്ടി. എന്നാൽ ലഘുഭക്ഷണസമയത്താണ് ഏറ്റവും നല്ല ഏറ്റുമുട്ടലുകൾ നടന്നത്. രണ്ട് അവസരങ്ങൾ വ്യക്തമായി ഓർക്കുന്നു.

ഹിന്ദുവായ ഒരു യൂണിവേഴ്സിറ്റി പ്രൊഫസറുടെ ചോദ്യമായിരുന്നു ഒന്. അദ്ദേഹം വെട്ടിത്തുറന്ന് ചോദിച്ചു: "താങ്കൾക്ക് ഗണ്യമായ അളവിൽ സത്യസന്ധതയുണ്ടെന്നു തോന്നുന്നു. ഒരു ചോദ്യം ചോദിക്കട്ടെ: എന്തിനാണ് ക്രിസ്ത്യാനികൾ ഹിന്ദുക്കളുമായി സംവാദത്തിന് ഒരുങ്ങുന്നത്? ഹിന്ദുക്കളായ ഞങ്ങളെ മാനസാന്തരപ്പെടുത്തുന്നതിൽ നിങ്ങളുടെ "തീയും ഇടിയും" പ്രസംഗിച്ചു ഭയപ്പെടുത്തുന്ന പഴയ സുവിശേഷപ്രവർത്തനരീതി പരാജയപ്പെട്ടതിനാൽ, ഒരു പുതിയ സമ്പ്രദായമായി നിങ്ങൾ സംവാദം ആസൂത്രണം ചെയ്തതല്ലേ? വളഞ്ഞ വഴിയിൽക്കൂടി ഞങ്ങളെ മതം മാറ്റിയെടുക്കാനുള്ള ഒരു പുതിയ തന്ത്രം?"

സംവാദം സംബന്ധിച്ചു റോമൻ കത്തോലിക്കരും, പ്രൊട്ടസ്റ്റന്റുകാരും പുറത്തിറക്കുന്ന ഗ്രന്ഥങ്ങളധികവും ക്രിസ്ത്യാനികളുടെ ലക്ഷ്യം സംബന്ധിച്ച് ആ ഹൈന്ദവസുഹൃത്ത് പ്രകടിപ്പിച്ച സംശയം ബലപ്പെടുത്തുന്നതാണെന്നതാണു നിർഭാഗ്യകരം.

അന്ന് ഞാൻ ഒരു തീരുമാനം എടുത്തു. മറ്റു മതവിശ്വാസികളുമായി ക്രിസ്തീയ സംവാദത്തിന് രണ്ടു തത്വങ്ങൾ സ്വീകരിക്കുമെന്ന്. ഒന്നാമത് പരമാവധി സുതാര്യത. ക്രിസ്ത്യാനികൾക്ക് സംവാദത്തിൽ ഒളിഞ്ഞിരിക്കുന്ന ലക്ഷ്യം ഉണ്ടായിക്കൂടാ. എല്ലാവരും ക്രിസ്തുവിന്റെ സ്നേഹത്തിന് അർഹരാണ്. ക്രിസ്തു അവർക്കുവേണ്ടിയും കൂടിയാണ് ജീവാർപ്പണം ചെയ്തത്. മനുഷ്യരാശിക്കുവേണ്ടിയുള്ള ക്രിസ്തീയ സ്നേഹമായിരിക്കണം സംവാദത്തെ നയിക്കുന്ന മുഖ്യപ്രേരകശക്തി. മനുഷ്യരാശിയുടെ ഐക്യം സംബന്ധിച്ച ഉത്കണ്ഠ, ബഹുത്വമെങ്കിലും സൗഹൃദത്തോടെ സഹവസിക്കുന്ന സമൂഹങ്ങൾ ഓരോ സ്ഥലത്തും ദേശീയതലത്തിലും ആഗോളതലത്തിലും കെട്ടുപണി ചെയ്യേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ ഉപപ്രേരകശക്തികളായി വന്നേക്കാം. പക്ഷേ അപരനെ മാനസാന്തരപ്പെടുത്തുകയെന്ന ലക്ഷ്യം ഒരിക്കലും അവലംബിച്ചു കൂടാ.

രണ്ടാമത്തെ തത്വം, മതങ്ങൾ തമ്മിലുള്ള സംവാദത്തിൽ ഒരു മതവും തങ്ങൾ മറ്റേതിനേക്കാൾ ഉൽകൃഷ്ടമെന്ന് അവകാശവാദം ഉന്നയിച്ചുകൂടാ. സംവാദത്തിൽ എല്ലാ മതങ്ങളും ഒരേ തലത്തിലാണ്. ആദരപൂർവ്വം മറ്റുള്ളവരെ ശ്രദ്ധിക്കുകയും അവരിൽനിന്ന് പഠിക്കുവാൻ ഉദ്യമിക്കുകയും ചെയ്യുക. നിങ്ങളുടെ വിശ്വാസം മാത്രമാണ് യഥാർത്ഥമെന്ന് നിങ്ങൾക്ക് ബോധ്യമുണ്ടായിരിക്കാം. പക്ഷേ ആ പശ്ചാത്തലത്തിൽ ഔൽകൃഷ്ട്യമൊന്നും അവകാശപ്പെട്ടുകൂടാ. എല്ലാവരും ഒരുപോലെ ദൈവത്തിന്റെ കൃപയിലും കരുണയിലും ആശ്രയിക്കുന്നവരാണ്; ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും. ചിലർ ആ കൃപയും കരുണയും അംഗീകരിക്കുന്നുണ്ടാവാം. മറ്റു ചിലർ അതിനെ അംഗീകരിക്കാത്തവരാണ്.

മനുഷ്യരാശിക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റി ഒരു ഹൈന്ദവസുഹൃത്തിന്റെ മനസ്സിലുണ്ടായ ചിത്രത്തെ ലഘുഭക്ഷണസമയത്ത് അദ്ദേഹം അനാവരണം ചെയ്തു: "ഇതു മനസ്സിലാക്കുവാൻ നിങ്ങൾക്കു തൊലിക്കട്ടിയുണ്ടെന്നു തോന്നുന്നു." ആമുഖം കേട്ടപ്പോഴേ ഞാൻ കരുതലോടെയിരുന്നു. "ഹിന്ദുക്കളോടുള്ള ക്രിസ്തീയ സ്നേഹത്തെപ്പറ്റി ക്രിസ്ത്യാനികളായ നിങ്ങൾ സംസാരിക്കുമ്പോൾ എന്റെ ഹൈന്ദവ മനസ്സിലൂടെ കടന്നുപോകുന്ന ചില ചിത്രങ്ങളെപ്പറ്റി ഞാൻ പറയട്ടെ. ഭീമാകാരനായ ഒരു എട്ടുകാലിയെയാണ് ഞാൻ കാണുന്നത്. അതിന്റെ ശരീരത്തിലെ സുഷിരങ്ങളിൽ നിന്ന് 'ക്രിസ്തീയ സ്നേഹം' എന്ന ഒരിനം പശയുള്ള ദ്രാവകം ഊറിക്കൊണ്ടേയിരിക്കുന്നു. അതു പയോഗിച്ച്, പറന്നുനടക്കുന്ന ഹൈന്ദവ ഈച്ചയായ എന്നെ പിടികൂടുന്നതിനു സമർത്ഥമായ മനോഹരവല നെയ്തെടുക്കുകയാണത്." ഞാനൊന്നു ഞെട്ടി, പക്ഷേ,പുറത്തു കാണിച്ചില്ല. ആ സുഹൃത്തിന്റെ ആരോപണം അടിസ്ഥാനരഹിതമല്ലെന്ന് എനിക്കറിയാം. ധർമ്മത്തിന്റെയോ; ആശുപത്രികൾ, സ്കൂളുകൾ, അനാഥാലയങ്ങൾ തുടങ്ങി പരോപകാരപ്രദമായ സ്ഥാപനങ്ങളുടെയോ രൂപത്തിൽ പ്രവഹിക്കുന്ന ക്രിസ്തീയ സ്നേഹത്തിന്റെ പിന്നിൽ 'ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക', ക്രിസ്തുമതത്തെ ആകർഷകമാക്കിക്കാണിക്കുക എന്നീ പ്രേരകശക്തികൾ ഇന്നും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിധത്തിലുള്ള ക്രിസ്തീയ സാമൂഹ്യപ്രവർത്തനവും സുവിശേഷത്തിന്റെ പരസ്യമായി പരിഗണിക്കുക അനുചിതമായിരിക്കും. പക്ഷേ അക്രൈസ്തവർ പലപ്പോഴും അങ്ങനെ അവയെ കാണുന്നുവെന്നതു വാസ്തവം.

മറ്റു മതവിശ്വാസികളുമായി സംവാദത്തിലേർപ്പെടുന്നതു സംബന്ധിച്ച് ഒരു സബ് യൂണിറ്റ് സഭകളുടെ ലോകകൗൺസിൽ ആരംഭിച്ചു. ഒരു ഒന്നാംകിട ഭാരതീയ ക്രിസ്ത്യൻ നേതാവായ ഡോ. സ്റ്റാൻലി സമർത്ഥയെ ആ സബ് യൂണിറ്റിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. അദ്ദേഹത്തിന്റെ സംഭാവന ഗണ്യമായിരുന്നു. സാംസ്ക്കാരികമായി സങ്കുചിത വീക്ഷണം പുലർത്തിപ്പോന്ന യൂറോപ്യൻ സഭയിൽപ്പോലും കുറെ നല്ല മതസംവാദങ്ങൾ സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഞാനും ഈ പ്രവർത്തനങ്ങളിൽ മുഖ്യനേതൃത്വം വഹിച്ചിരുന്നു. ന്യായവും സത്യസന്ധവുമായ സംവാദത്തിന് ഏതാനും ചട്ടങ്ങളും പ്രമാണങ്ങളും ഞങ്ങൾ ക്രോഡീകരിച്ചു. ഈ സെമിനാറുകളിലും കൺസൽറ്റേഷനുകളിലും മറ്റു മതവിശ്വാസികളുമായിച്ചേർന്ന് അർത്ഥഭരിതമായി പ്രാർത്ഥിക്കുന്ന അനുഭവത്തിലേക്കും ഞങ്ങൾ കടന്നുചെന്നു. യൂറോപ്പിലെ ക്രിസ്തീയ വൃത്തങ്ങളിൽ ഒട്ടുവളരെ ഒച്ചപ്പാടിന് ഇതു കാരണമായി. മുസ്ലീങ്ങളുമായി പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുത്തതിന് എന്റെ സുഹൃത്തായ ഒരു ജർമ്മൻ പ്രൊഫസർക്ക് യൂണിവേഴ്സിറ്റിയിലെ ജോലി മിക്കവാറും നഷ്ടപ്പെടുന്ന അവസ്ഥവരെയെത്തി. എന്നിരിക്കിലും ഞങ്ങൾ ഒച്ചപ്പാടുണ്ടാക്കാതെ അടിവച്ചു നീങ്ങി; 1975-ലെ സഭകളുടെ അഖിലലോക കൗൺസിലിന്റെ നൈറോബി അസംബ്ലി വരെ.

ക്രിസ്ത്യാനിത്വത്തിന് - പ്രത്യേകിച്ച് യൂറോപ്യൻ ക്രിസ്ത്യാനിത്വത്തിന്- പ്രായപൂർത്തിയായെന്ന ഡീട്രിച്ച് ബോൺഹോഫറുടെ അവകാശവാദം പരീക്ഷിച്ചുനോക്കാൻ സമയമായെന്ന് ഡയലോഗ് വർക്കിംഗ് ഗ്രൂപ്പംഗങ്ങളായ ഞങ്ങൾക്ക് തോന്നി. നൈറോബി അസംബ്ലിയിലേക്ക് ലോകത്തിലെ വലിയ മതങ്ങളിൽ നിന്ന് ഏതാനും നിരീക്ഷകരെ ഞങ്ങൾ ക്ഷണിച്ചു. അസംബ്ലിയുടെ ഒരു വിഭാഗം മതസംവാദത്തിനായി മാറ്റിവച്ചു. നൈറോബിയിൽ മുൻഗണന നൽകിയ പരിസ്ഥിതി പ്രശ്നത്തോടൊപ്പം സാംസ്ക്കാരിക ബഹുത്വവും മതസംവാദവും അസംബ്ലി അജണ്ടയുടെ പുറകുവശത്തു നിന്ന് കേന്ദ്രഭാഗത്തേക്ക് സംക്രമിപ്പിക്കണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. സംവാദം സംബന്ധിച്ച വിഭാഗത്തിന് അദ്ധ്യക്ഷത വഹിക്കാൻ എന്നെ നിയോഗിച്ചു.

പ്രസിഡന്റ് എന്ന നിലയിലുള്ള എന്റെ അദ്ധ്യക്ഷപ്രസംഗം കഴിഞ്ഞയുടൻ എന്റെ ഒരു സുഹൃത്തായ നോർവീജിയൻ ലൂതറൻ ബിഷപ്പ് ചോദിച്ചു: "സത്യമറിയാൻ ക്രിസ്തേതരുടെ അടുക്കൽ പോകുവാൻ നിർബന്ധിതനായ വിധത്തിൽ, യേശുക്രിസ്തുവിന്റെ വെളിപ്പാട് ഏതർത്ഥത്തിലാണ് ചെയർമാൻ അപര്യാപ്തമായി കണ്ടത്?" എന്റെ വികാരങ്ങൾ വ്രണപ്പെട്ടു. പക്ഷേ അദ്ധ്യക്ഷസ്ഥാനത്തിരുന്നതിനാൽ രൂക്ഷമായി പരുക്കൻ ഭാഷയിൽ തിരിച്ചടിക്കാൻ എനിക്കു നിവൃത്തിയില്ലാഞ്ഞു. ഞാൻ ഇത്രമാത്രം പറഞ്ഞു: "എന്റെ സുഹൃത്തായ നോർവീജിയൻ ബിഷപ്പിനോളം ഭാഗ്യവാനല്ല ചെയർമാനായ ഞാൻ. യേശുക്രിസ്തുവിന്റെ വെളിപ്പാട് അദ്ദേഹം പൂർണ്ണമായി മനസ്സിലാക്കിയതുപോലെ, മറ്റുള്ളവരിൽ നിന്നും ഇനിയൊന്നും പഠിക്കാനില്ലെന്ന ഭാവത്തിൽ അദ്ദേഹം ആത്മസംതൃപ്തിയടഞ്ഞതുപോലെ തോന്നുന്നു". ഉദ്ദേശിച്ച അർത്ഥം പിടികിട്ടിയോ എന്തോ? പക്ഷേ യൂറോപ്യൻ ക്രിസ്ത്യാനിത്വത്തിന്റെ ലജ്ജാകരമായ സങ്കുചിതമനോഭാവം എന്റെ ക്രിസ്തേതര സുഹൃത്തുക്കൾക്കു വ്യക്തമായി മനസ്സിലായി. അവരുടെ മനസ്സിനു ക്ഷതമേറ്റു. പക്ഷേ അവർ പ്രശാന്തരായിരുന്ന് മര്യാദയോടെ വർത്തിച്ചു. യൂറോപ്യൻ സാംസ്ക്കാരിക സങ്കുചിതഭാവത്തിന്റെ കനത്ത പാറക്കെട്ടിൽ തല്ലി ഞങ്ങളുടെ പ്രതീക്ഷകൾ തകർന്നു.

ഇനിയും ബഹുമത സംവാദങ്ങളിൽ സഭകളുടെ അഖിലലോക കൗൺസിൽ ഏർപ്പെട്ടുകൂടെന്ന് അസംബ്ലി തീരുമാനിച്ചു. ക്രിസ്ത്യാനികൾക്കു നിയന്ത്രണം കൈകാര്യം ചെയ്യത്തക്കവിധം രണ്ടു മതങ്ങൾ തമ്മി ലുള്ള സംവാദത്തിൽ ഒതുങ്ങി നിൽക്കണം. നൈറോബി അസംബ്ലി എന്നെ മതിമോഹവിമുക്തനാക്കി. പാശ്ചാത്യ ക്രിസ്ത്യാനികളിൽ റോമൻ കത്തോലിക്കരോ പ്രൊട്ടസ്റ്റണ്ടുകാരോ ക്രിസ്ത്യാനികൾക്കു നിയന്ത്രണമില്ലാത്ത സംവാദങ്ങളിൽ ഏർപ്പെടാൻ തക്ക പക്വത ആർജ്ജിച്ചിട്ടില്ലെന്ന് ഞാൻ മനസിലാക്കി. ഇക്കാര്യത്തിൽ പൗരസ്ത്യ ക്രിസ്തീയത്വം കൂടുതൽ പക്വമാണെന്നോ കൂടുതൽ തുറന്ന മനസുള്ളതാണെന്നോ ഞാൻ അവകാശപ്പെടുകയല്ല. വാസ്തവം പറഞ്ഞാൽ പൗരസ്ത്യ ഓർത്തഡോക്സിയുടെ വരട്ടു വിജ്ഞാന തത്വസംഹിതയുമായും, മറ്റുള്ളവരെ ഒഴിച്ചു നിർത്തുന്ന സ്വമതാവലംബന ശാഠ്യവുമായും തട്ടിച്ചുനോക്കുമ്പോഴാണ് നാം പാശ്ചാത്യ ക്രിസ്ത്യാനിത്വത്തെ മെച്ചപ്പെട്ട വെളിച്ചത്തിൽ കാണുക.

ആത്മവിശ്വാസത്തിന്റെ പ്രതിസന്ധി

അതെന്തായാലും, പാശ്ചാത്യസഭയുടെ - പ്രൊട്ടസ്റ്റന്റായാലും റോമൻ കത്തോലിക്കരായാലും സെക്ടേറിയനായാലും - നേതൃത്വത്തിൽ എനിക്കുള്ള ആത്മവിശ്വാസം തകരത്തക്ക പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. എന്റെ പൗരസ്ത്യ ഓർത്തഡോക്സി, അനേകം ശക്തികളുമായി വ്യക്തമായ ധാരണയില്ലാതെ മല്ലടിച്ചുകൊണ്ട് അതിന്റെ മാനവിക വീക്ഷണം നഷ്ടപ്പെടുത്തി. മദ്ധ്യപൗരസ്ത്യ ദേശത്ത് ഇസ്ലാമുമായും ആക്രമണോത്സുകരായ റോമൻ കത്തോലിക്കരുമായും പ്രൊട്ടസ്റ്റന്റുകാരുമായും, പലയിടങ്ങളിലും കാണാവുന്ന മതപരിവർത്തന മിഷനുകളുമായും, മദ്ധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലും നിരീശ്വര കമ്മ്യൂണിസവുമായും, രക്തം ഊറ്റിക്കുടിക്കുന്ന നാളികളുമായി ലോകമൊട്ടുക്കു പടർന്നുകയറുന്ന ലിബറൽ സെക്കുലറിസവുമായും പൗരസ്ത്യ ഓർത്തഡോക്സിക്ക് മല്ലടിക്കേണ്ടിയിരിക്കുന്നു. സങ്കുചിതത്വത്തിൽ തൃപ്തിപൂണ്ട്, ക്രിസ്തീയസത്യം സംബന്ധിച്ച സ്വന്തം കുത്തകാവകാശത്തെപ്പറ്റി വൻഅവകാശവാദങ്ങൾ ഉയർത്തി, അതേസമയം ആധുനിക ലോകവു

മായോ സ്വന്തം യുവജനങ്ങളുമായോ അത്മായരുമായോ (അന്യവൽക്കരിക്കപ്പെട്ട ഓർത്തഡോക്സ് വനിതകൾ ഉൾപ്പെടെ) ആശയവിനിമയം നടത്താൻ കഴിയാതെ നിഷേധാത്മക നിലപാട് വഴി ആത്മരക്ഷയുടെ ഒരു മനഃശാസ്ത്ര കവചം അത് വികസിപ്പിച്ചിട്ടുണ്ട്.

സഭാ കൗൺസിലിന്റെ ഏഴു പ്രസിഡന്റുമാരിൽ ഒരാളായി എന്നെ 1983–ലെ വാൻകൂവർ അസംബ്ലി തിരഞ്ഞെടുത്തു. നയരൂപവൽക്കരണത്തിൽ നിന്നും സജീവമായ പ്രവർത്തനങ്ങളിൽ നിന്നും അധികാരസ്ഥാനങ്ങളിൽ നിന്നും എന്നെ പുറത്തുനിറുത്തുന്നതിനുള്ള ഡബ്ലിയു. സി. സി. അധികൃതരുടെ സാഹസിക നീക്കത്തിന്റെ ഫലമായിരുന്നു അത്. കൗൺസിൽ പ്രസിഡന്റ് എന്നും അലങ്കാര പ്രധാന വ്യക്തിയാണ്. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അംഗമാണ് എന്നല്ലാതെ പ്രസിഡന്റിന് ഒരധികാരവും ഇല്ലായിരുന്നു. അപ്രധാനമായ പരസ്യസന്ദർഭങ്ങളിൽ പ്രസിഡന്റ് കൗൺസിലിനെ പ്രതിനിധാനം ചെയ്യുമെന്നാണു പ്രതീക്ഷിക്കുന്നത്. എല്ലാ വിവാദങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്ന ഒരു സീനിയർ വ്യക്തിയാണ് പ്രസിഡണ്ട്.



വാൻകൂവറിൽ അണിയറയിൽ അരങ്ങേറിയ അധികാര വിതരണ കസർത്തുകളെപ്പറ്റി ഞാൻ അറിഞ്ഞുകൊണ്ടാണിരുന്നത്. വെസ്റ്റിൻഡീസിൽ നിന്നുള്ള കറുത്ത വംശജനും ഇംഗ്ലീഷുകാരനുമായ ഫിലിപ്പ് പോട്ടർ ആയിരുന്നു അന്ന് ജനറൽ സെക്രട്ടറി. മെരുക്കിയെടുക്കാവുന്ന ഒരു വ്യക്തിയെ മോഡറേറ്ററായി മതിയെന്നാണ് പോട്ടറുടെ പക്ഷം. ആഗോളസഭയെപ്പറ്റി ഒന്നുമറിഞ്ഞുകൂടാത്ത, മോഡറേറ്റർക്കാവശ്യമായ ദൈവശാസ്ത്ര ജ്ഞാനമില്ലാത്ത ഒരു സ്കോട്ടീഷ് സ്കൂളദ്ധ്യാപകനെ പോട്ടർ മോഡറേറ്റർ സ്ഥാനത്തേക്ക് കണ്ടുപിടിച്ചു. കണ്ണുകളിൽ ജ്വലിക്കുന്ന ധിക്കാരഭാവത്തോടെ, മോഡറേറ്ററായി താൻ കണ്ടുപിടിച്ച വ്യക്തിയെ എന്തെല്ലാം എതിർപ്പുകളുണ്ടായാലും തെരഞ്ഞെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്റെ പേര് പ്രസിഡണ്ട് സ്ഥാനത്തേക്ക് നിർദ്ദേശിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പോട്ടറുടെ സ്ഥാനാർത്ഥി മോഡറേറ്ററായി തിരഞ്ഞെടുക്കപ്പെടാൻ സാധ്യതയില്ലെന്ന് ഞാൻ ചൂണ്ടിക്കാട്ടി. കാണിച്ചുതരാമെന്നായിരുന്നു പോട്ടറുടെ മറുപടി. ഒരു കൊല്ലത്തിനകം തന്റെ കാലാവധി തീരുമ്പോൾ ജർമ്മൻകാരനും തന്റെ ആത്മമിത്രവും ഉപദേഷ്ടാവുമായ പ്രൊഫ. കോൺറാഡ് റെയ്സറെ ജനറൽ സെക്രട്ടറിയാക്കണമെന്നും പോട്ടർ തീരുമാനിച്ചിരുന്നു.

അന്ന് സെൻട്രൽ കമ്മറ്റിയുടെ മോഡറേറ്റർ സ്ഥാനത്തിനു ന്യായമായും ആർഹനായ വ്യക്തി ഞാൻ മാത്രമായിരുന്നു. ഓർത്തഡോക്സ് പാരമ്പര്യത്തിൽ നിന്ന് അന്നുവരെ ആരെയും ജനറൽ സെക്രട്ടറിയായോ മോഡറേറ്ററായോ സേവനമനുഷ്ഠിക്കുവാൻ അനുവദിച്ചിരുന്നില്ല. ജനറൽ സെക്രട്ടറിയുടെ സ്ഥാനം മാത്രമാണ് മോഡറേറ്ററിനേക്കാൾ അധികാരം കയ്യാളുന്ന തസ്തിക.

ഡബ്ലിയു. സി. സി. യിലെ അധികാര വടംവലിയിൽ ഞാൻ പ്രവേശിച്ച ദുർലഭ സന്ദർഭങ്ങളിലൊന്നാണിത്. പോട്ടറും റെയ്സറും സ്കോട്ടീഷ് സ്കൂളദ്ധ്യാപകനും ഒരുമിച്ച് ചേർന്ന് ഡബ്ലിയു. സി. സി. യുടെ അധികാരത്തിൽ വരുന്നത് വിനാശകരമാണെന്ന് എനിയ്ക്ക് ബോധ്യമായിരുന്നു. തങ്ങളെ പൂർണ്ണമായും പുറംതള്ളിയതായി ഓർത്തഡോക്സ് സഭകൾക്ക് തോന്നുവാൻ അതു കാരണമാകും. ഡബ്ലിയു.സി.സി. യുടെ നിലനില്പ്പിനു തന്നെ ഭീഷണി ഉയർന്ന ഒരു സമയം. തന്മൂലം ഞാൻ പ്രവർത്തനനിരതനായി. ഫലം സിദ്ധിക്കുകയും ചെയ്തു. ജനറൽ സെക്രട്ടറിയുടെ നിർദ്ദേശം സെൻട്രൽ കമ്മറ്റി പുറംതള്ളി. കുഴഞ്ഞുമറിഞ്ഞ പ്രക്രിയയിലൂടെ ജർമ്മൻകാരനായ പ്രീസസ് ഹെൽഡിനെ മോഡറേറ്ററായി തെരഞ്ഞെടുത്തു. തൽക്കാലത്തേക്കെങ്കിലും കോൺറാഡ് റെയ്സറുടെ പിന്തുടർച്ചാ സാധ്യത അതോടെ തകർന്നു. രസിക്കാത്ത മട്ടിൽ റെയ്സർ സെൻട്രൽ കമ്മറ്റിയിൽ നിന്നും ഇറങ്ങിപ്പോയി. സെൻട്രൽ കമ്മറ്റി നടപടിയുടെ യഥാർത്ഥ അർത്ഥം അദ്ദേഹത്തിനു മനസ്സിലായെന്നു സാരം.

1983–ൽ ഡബ്ലിയു. സി. സി. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ "വിശിഷ്ട ഉപകരണ"മാണെന്നുള്ള വാദത്തിൽ ഞാൻ ആശങ്കാകുലനായി. മിക്ക രാഷ്ട്രങ്ങളിലും കാണുന്ന രീതിയിലുള്ള വൃത്തികെട്ട രാഷ്ട്രീയം ആ ക്രിസ്തീയ പ്രസ്ഥാനത്തിൽ പ്രകടമാകുന്നതായി എനിക്കു തോന്നി. 1991–ലെ കാൻബറാ അസംബ്ലിവരെ ഞാൻ പ്രസിഡന്റായി പ്രവർത്തിച്ചു. പക്ഷേ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന സന്ദർഭങ്ങളിൽ എന്നെ ക്രമാനുഗതമായി മാറ്റിനിർത്തി. സുപ്രധാന പരസ്യ സന്ദർഭങ്ങളിലൊന്നും ഡബ്ലിയു. സി. സി. യെ പ്രതിനിധാനം ചെയ്യാൻ എന്നെ അനുവദിച്ചില്ല. പ്രസിഡണ്ടായിട്ടല്ല സ്വന്തം നിലയിൽ എന്തെങ്കിലും ചെയ്യാൻ പോകുന്നതായി പറഞ്ഞിട്ടുള്ളപ്പോഴൊക്കെ ഡബ്ലിയു. സി. സി. നേതൃത്വം ഭയന്നു. എന്നെ തടയുന്നതിനോ കടത്തിവെട്ടുന്നതിനോ നടപടി സ്വീകരിച്ചു. ഉദാഹരണത്തിന്, നിക്കരാഗ്വയുടെ വിമോചനത്തിന്റെ ആറാം വാർഷികത്തിൽ പങ്കെടുക്കുവാൻ ഞാൻ മനാഗ്വ സന്ദർശിക്കുമെന്ന് അറിയിച്ചപ്പോൾ, എനിക്കു തടസ്സം സൃഷ്ടിക്കുവാൻ വേറെ രണ്ടു പ്രസിഡന്റുമാരെയും മറ്റാളുകളെയും കൂടെ അയക്കാൻ അവർ തീരുമാനിച്ചു. സാൻഡിനിസ്റ്റുകൾക്ക് അനുകൂലമായി ഞാൻ എന്തെങ്കിലും പറയുമോ എന്നതായിരുന്നു അവരുടെ ആശങ്ക.

എന്റെ നോട്ടത്തിൽ ശരിയെന്നു തോന്നിയതു മനാഗ്വയിൽ ഞാൻ ചെയ്തു. അമേരിക്കൻ ആക്രമണ ഭീഷണിക്കെതിരായി വിദേശകാര്യമന്ത്രി ഡസ്ക്കോട്ടോ ഉപവസിക്കുന്ന സ്ഥലത്തേക്കാണ് ഞാൻ ആദ്യമേ പോയത്. സഹാനുഭൂതി സൂചകമായി ഞാൻ അദ്ദേഹത്തോടൊന്നിച്ച് ഒരു ദിവസം ഉപവസിച്ചു. പ്രസിഡണ്ട് ഒർട്ടേഗയെ ഞാൻ സന്ദർശിച്ചു. സാൻഡിനിസ്റ്റുകൾ ഇത്ര വർഗീയമായതെന്താണെന്നും, മോസ്കിറ്റോകളോട് മോശമായി പെരുമാറിയതെന്താണെന്നും ഞാൻ മര്യാദയോടെ ചോദിച്ചു. ഒർട്ടേഗ പ്രസിഡണ്ടിന്റെ കസേരയിൽ നിന്ന് എഴുന്നേറ്റ് തല നമിച്ചുകൊണ്ട് എന്നോട് പറഞ്ഞു: "സാൻഡിനിസ്റ്റുകൾ തെറ്റു ചെയ്തുവെന്ന് ദൈവമുമ്പാകെയും അങ്ങയുടെ മുമ്പാകെയും ഞാൻ ഏറ്റുപറയുന്നു. മോസ്കിറ്റോകൾക്ക് നഷ്ടപരിഹാരം നൽകാൻ ഞങ്ങൾ കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്."

മദ്ധ്യ അമേരിക്കയിലെ മർദ്ദനത്തെ അപലപിച്ച ലാറ്റിൻ അമേരിക്കൻ ക്രിസ്ത്യാനികൾ, ഭൂഖണ്ഡത്തിലെ ആദിവാസികളോട് അവർ അനുവർത്തിച്ച ക്രൂരതകളെപ്പറ്റി ബോധവാന്മാരല്ലെന്നത് എന്നെ ദുഃഖാകുലനാക്കി. വിമോചന ദൈവശാസ്ത്രജ്ഞന്മാരെന്ന് അറിയപ്പെടുന്നവർ പോലും, അവർ ആട്ടിപ്പായിക്കുകയും സംസ്കാരവിരുദ്ധരാക്കുകയും ചെയ്ത തദ്ദേശീയരെ മനസ്സിലാക്കാനോ സഹാനുഭൂതി പ്രദർശിപ്പിക്കാനോ തയ്യാറായിട്ടില്ല.

എൽസാൽവഡോർ, ഡൊമിനിക്കൽ റിപ്പബ്ലിക്ക് തുടങ്ങിയ മറ്റു മദ്ധ്യഅമേരിക്കൻ രാജ്യങ്ങളും ഞാൻ സന്ദർശിച്ചു. കരുത്തരായ അമേരിക്കനനുകൂല ഫാസിസ്റ്റു ശക്തികൾ പീഡിപ്പിക്കുകയും കൂട്ടക്കൊല ചെയ്യുകയും ചെയ്ത ജനങ്ങളെ ഞാൻ കണ്ടു. എന്റെ സന്ദർശനത്തിന്റെ ഒരു യഥാർത്ഥ റിപ്പോർട്ട് 1985 ജൂലൈ 28 മുതൽ ആഗസ്റ്റ് 8 വരെ അർജന്റീനയിൽ ചേർന്ന സെൻട്രൽ കമ്മറ്റിക്ക് ഞാൻ സമർപ്പിച്ചു. ആ റിപ്പോർട്ടിലെ ഗണ്യമായ വൈകാരികാംശത്തിന്റെ സ്വാധീനം മൂലം, ചർച്ച കൂടാതെതന്നെ മദ്ധ്യഅമേരിക്ക സംബന്ധിച്ച പ്രമേയം കമ്മറ്റി അംഗീകരിച്ചു.

വളരെ വിശാലമായ എന്റെ എക്യുമെനിക്കൽ അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയ കാര്യം, കർത്താവിന്റെ കുരിശിന്റെ വഴിയോടും അപ്പോസ്തോലന്മാർ പഠിപ്പിച്ചുതന്ന കാര്യങ്ങളോടും പകുതിയെങ്കിലും വിശ്വസ്തത കാണിക്കുന്ന ഒരൊറ്റ ക്രൈസ്തവ സഭ പോലും എനിക്ക് കണ്ടെത്തുവാൻ സാധിച്ചില്ലെന്നത്രെ. ദൈവത്തിന്റെ പ്രവൃത്തികളെ ക്രൈസ്തവ സഭകൾക്കു പുറത്ത് ഏതുതരത്തിൽ കാണുവാൻ സാധിക്കുമെന്ന ഒരു അന്വേഷണത്തിലേക്കാണ് ഇത് എന്നെ കൊണ്ടെത്തിച്ചത്.

ചരിത്രത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിന്റെ നാൾവഴികളിൽ ഏറ്റവും പ്രധാനമായ ഒരു ഊന്നൽ, സർവ്വ മനുഷ്യരുടെയും പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ, സ്വാതന്ത്ര്യത്തിന്റെയും അഭിമാനത്തിന്റെയും സാക്ഷാൽക്കാരമായിരിക്കണമെന്നാണ് എന്റെ വ്യക്തമായ തിരിച്ചറിവ്. ഇങ്ങനെ ചരിത്രം മുമ്പോട്ടു പ്രയാണം ചെയ്യുമ്പോൾ അന്തർമത പ്രസ്ഥാനങ്ങളും വനിതാ സംഘടനകളും വളരെ അർത്ഥവത്തായ ഉത്തരവാദിത്വങ്ങൾ വഹിക്കുവാനുണ്ട്. ഒരു സോഷ്യലിസ്റ്റ് പ്രതിബദ്ധതയോട് ചേർന്നുനിൽക്കുന്ന സമാധാന പ്രസ്ഥാനം ഉയർന്നുവന്നേക്കുമെന്ന് ഞാൻ മുൻകൂട്ടി കാണുന്നു. ഇത് സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തെത്തി അതിന്റേതായ പങ്കുവഹിക്കുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. ഏകജാലക ആഗോള കമ്പോള വ്യവസ്ഥിതിയിലെ വൈരുദ്ധ്യങ്ങൾ കൂടുതൽ പ്രത്യക്ഷമായി വെളിപ്പെടുക തന്നെ ചെയ്യും. അത് ലോകമെമ്പാടുമുള്ള സാമ്പത്തിക തകർച്ചയ്ക്ക് വഴി തുറന്നേക്കാം. ദൈവ കേന്ദ്രീകൃത സംവിധാനത്തെ നിഷേധിക്കുന്ന മതേതര സംസ്കാരം മനുഷ്യ സമൂഹത്തിന്റെ ഏറ്റവും വലിയ ചരിത്രപരമായ ഭോഷത്തമാണെന്ന് തിരിച്ചറിയാത്തിടത്തോളം മുമ്പോട്ടുള്ള പ്രയാണം ദുഷ്കരമാണെന്ന് ഞാൻ തീർച്ചയായും കരുതുന്നു.

ക്രൈസ്തവ സഭകളുടെ പ്രവർത്തനങ്ങളിലാകട്ടെ, ഗവൺമെന്റു കളുടെ പരിപാടികളിലാകട്ടെ, ഐക്യരാഷ്ട്രസഭ പോലെയുള്ള ഗവൺമെന്റിതര പ്രസ്ഥാനങ്ങളിലാകട്ടെ, മനുഷ്യസമൂഹത്തെ മുമ്പോട്ടു നയിക്കുന്ന കാര്യങ്ങളിൽ വിശ്വാസമർപ്പിക്കുവാൻ എനിക്കാവുമെന്നു തോന്നുന്നില്ല. എല്ലാ മതങ്ങളിൽ നിന്നും അർപ്പണബോധമുള്ള നേതൃത്വം മുന്നോട്ടുവരണം; അല്ലാതെ പ്രസംഗം മാത്രമുള്ളവരിൽ നിന്നല്ല. അവർ വേണം രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും ഓടിനടന്ന് ജനസഞ്ചയത്തെ ഉദ്ബുദ്ധരാക്കി മനുഷ്യസമൂഹ നന്മലാക്കാക്കി പ്രവർത്തിക്കുവാൻ.

എന്റെ ദർശനം എന്റെ വിശ്വാസം

ഇത് അവസാനിപ്പിക്കുന്നത് എന്റെ വിശ്വാസം ഏറ്റുപറഞ്ഞു കൊണ്ടുതന്നെയാകാമെന്ന് കരുതുകയാണ്; ഒപ്പം ഈ എഴുപത്തിമൂന്നാം വയസ്സിലും, എന്റെ ദർശനത്തെക്കുറിച്ച് സൂചിപ്പിക്കണമെന്ന ഒരു പ്രേരണയും എന്നെ നയിക്കുന്നു.

സൃഷ്ടിക്കപ്പെട്ടവയുടെ ക്രമം ദൈവകരങ്ങളിലാണെന്ന് എനിക്ക് നിശ്ചയമുണ്ട്. ഒന്നുമില്ലായ്മയിൽ നിന്നും ഉണ്മയിലേക്ക് അവയെ കൊണ്ടുവന്നത് ദൈവമാണ്. അവന്റെ ഇച്ഛയാൽ മാത്രമാണ് അവ സദാ നിലനിന്നു പോകുന്നത്. ആ ഇച്ഛ നന്മയാണ്. തിന്മയുടെ നേരിയ അംശം പോലും അതിൽ ഇല്ല. അതുകൊണ്ട് എന്നെ വീഴ്ത്തുവാൻ തിന്മയ്ക്ക് ആവുകയില്ല; തിന്മയെക്കുറിച്ചുള്ള ഭയത്താൽ എന്റെ പാതകൾ തെറ്റിപ്പോകുകയുമില്ല. നന്മയാണ് സത്യം; അതു മാത്രമാണ് സത്യം. ബാക്കിയെല്ലാം അവയുടെ സമയത്ത് ഇല്ലാതായിത്തീരുക തന്നെ ചെയ്യും.

ആ സൃഷ്ടിക്കപ്പെട്ട ക്രമത്തിൽ ഞാൻ ഉൾപ്പെടുന്നു, എന്നാൽ യാതൊരു കാരണവശാലും ഞാൻ അതിന്റെ കേന്ദ്രസ്ഥാനത്തല്ല; സകലതും സകലരും സൃഷ്ടിയുടെ താളക്രമത്തിൽ ഭാഗഭാക്കാകുന്നുണ്ട്; അത് നല്ലതുമാണ്. എന്നാൽ തിന്മയിൽ നിന്ന് നന്മ വേർപെട്ടു വരുന്നത് ഒരു വശത്ത് സന്തോഷവും സമാധാനവും ആണെങ്കിലും അതിൽ വേദനയും കഷ്ടപ്പാടും കണ്ടേക്കാം. ഈ വേർപിരിയൽ ചരിത്രത്തിൽ ആദിയോടന്തം സംഭവിച്ചുകൊണ്ടിരിക്കുന്നു. 'കൊയ്ത്തുകാലത്ത്' ഈ വേർപിരിയൽ നടക്കുന്നത് ഒരു പ്രത്യേക രീതിയിൽ ആയിരിക്കും. അതാണ് സർവതിന്റെയും അവസാനം. ചരിത്രത്തിന്റെ ആകെത്തുകയും; ഇത് സംഭവിക്കുന്നത് ചരിത്രത്തിന്നുമപ്പുറത്തായിരിക്കുമെന്ന് ഓർക്കണം.

സൃഷ്ടിക്കപ്പെട്ട ക്രമം അതിന്റെ ഉണ്മയിൽ ആയിത്തീർന്നത് പുത്രനിൽ കൂടിയാണ്. അവൻ മനുഷ്യസമൂഹത്തിന് പുത്രനായി മാറി, അതായത് പുത്രൻ മനുഷ്യസമൂഹത്തിന്റെ ദൈവകൽപിത ഭാഗധേയമായി; സൃഷ്ടിക്കപ്പെട്ട ക്രമത്തിന്റെ ഭാഗധേയം. അവൻ നമ്മുടെ സമാധാനത്തിലും സന്തോഷത്തിലും പങ്കാളിയാകുന്നു, ഒപ്പം നമ്മുടെ വേദനയിലും കഷ്ടതയിലും. അവനെ ഞാൻ ആരാധിക്കുന്നു, അവനെ ഞാൻ സ്നേഹിക്കുന്നു, അവനെ പുല്ലിംഗ സർവനാമത്തിൽ ഞാൻ വിശേഷിപ്പിക്കുമെങ്കിലും സത്തയിൽ അവൻ പുരുഷനല്ല, സ്ത്രീയുമല്ല. കാരണം, അവനെ വിശേഷിപ്പിക്കുവാൻ യുക്തമായ ഒരു യഥാതഥ സർവനാമം ആംഗ്ലേയ ഭാഷയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അവൻ, 'അവൻ ആകുന്നു.' അതു തന്നെ എന്റെ സംതൃപ്തിയും. അവനിൽ ഞാൻ വിശ്വസിക്കുന്നു. അവനാണ് എന്റെ പ്രത്യാശ, അവൻ എനിക്കു വഴികാട്ടിയും എന്റെ നങ്കൂരവും. അവനാണ് സൃഷ്ടിക്കപ്പെട്ട ക്രമത്തിന്റെ ഭാഗധേയം.

സൃഷ്ടിക്കപ്പെട്ടവയുടെ ക്രമം ദൈവകരങ്ങളിലാണെന്ന് എനിക്ക് നിശ്ചയമുണ്ട്. ഒന്നുമില്ലായ്മയിൽ നിന്നും ഉണ്മയിലേക്ക് അവയെ കൊണ്ടുവന്നത് ദൈവമാണ്. അവന്റെ ഇച്ഛയാൽ മാത്രമാണ് അവ സദാ നിലനിന്നു പോകുന്നത്. ആ ഇച്ഛ നന്മയാണ്. തിന്മയുടെ നേരിയ അംശം പോലും അതിൽ ഇല്ല. അതുകൊണ്ട് എന്നെ വീഴ്ത്തുവാൻ തിന്മയ്ക്ക് ആവുകയില്ല; തിന്മയെക്കുറിച്ചുള്ള ഭയത്താൽ എന്റെ പാതകൾ തെറ്റിപ്പോകുകയുമില്ല. നന്മയാണ് സത്യം; അതു മാത്രമാണ് സത്യം. ബാക്കിയെല്ലാം അവയുടെ സമയത്ത് ഇല്ലാതായിത്തീരുക തന്നെ ചെയ്യും.

എല്ലാവരിൽ നിന്നും ഞാൻ പഠിക്കേണ്ടതായിട്ടുണ്ട്, പലരിൽ നിന്നും പഠിക്കുകയും ചെയ്തു. എന്റെ ജീവിതത്തിൽ എനിക്ക് അനുഭവവേദ്യമായ ഏറ്റവും വലിയ വിടുതൽ എന്നു പറയുവാൻ സാധിക്കുന്നത് തങ്ങളുടെ പ്രത്യേകതരം സംവിധാനങ്ങളാൽ പാശ്ചാത്യ ചിന്താസരണികളുടെ ചുവടുപിടിച്ചു വേണം അറിവു നേടേണ്ടതെന്ന മിഥ്യാ ബോധത്തിൽ നിന്നുള്ള വിടുതലായിരുന്നു. ഇപ്പോൾ എനിക്ക് യിൻ-യാങ് എന്ന വ്യക്തി രൂപപ്പെടുത്തിയ ബഹുസ്വര - പരസ്പരവിധേയ ചിന്താശൈലിയെക്കുറിച്ച് ചെറുതായ ഒരു ധാരണയുണ്ട്. ചൈനീസ് 'താഉ' അറിഞ്ഞതുകൊണ്ട് പാശ്ചാത്യരുടെ ആത്മനിഷ്ഠാപരമായ ചിന്താശൈലിയുടേയും മദ്ധ്യവൃത്തരുടെ യുക്തിസഹപരമായ ശൈലിയുടേയും അടിമത്വത്തിൽപെട്ടു പോകേണ്ട ആവശ്യം ഇല്ലായെന്ന് ബോദ്ധ്യമായി.

എന്റെ സ്വന്തം ഭാരതീയ പാരമ്പര്യത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയ ഒരു തത്വം ഇതാണ്: 'ഏകം അദ്വൈതം.' അതായത് രണ്ടാമത് ഒന്നില്ലാത്ത ഒന്ന്. എല്ലാ വൈരുദ്ധ്യങ്ങളും വ്യതിരക്തതകളും അവസാനം ആ ഒന്നിൽ, രണ്ടാമത് ഒന്നില്ലാത്ത ആ ഒന്നിൽ, സംയോജിത മാകുന്നു എന്ന തിരിച്ചറിവ് എന്നിൽ രൂഢമൂലമായി. ആ 'ഒന്ന്' മറ്റുള്ള പലതിനെയുംകാൾ ആത്യന്തികമത്രെ.

എന്റെ പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യം പറഞ്ഞുതരുന്നത് ദൈവത്തെ കൂടാതെയോ, ദൈവത്തിനു പുറത്തോ സൃഷ്ടി ഇല്ല എന്നാണ്; കാരണം, അനന്തമായ ആത്യന്തികതയ്ക്ക് പകരം വെക്കുവാൻ ഒന്നുമില്ല, അതിനു പുറമെയും ഒന്നുമില്ല.

ജൈനന്മാരിൽ നിന്ന് അവരുടെ 'അനേകാന്തവാദം' ഞാൻ മനസ്സിലാക്കി. അതിൽ പറയുന്നത് എല്ലാ വസ്തുതാപര പ്രസ്താവനകളും ഉപാധികൾക്കു വിധേയമാണ്, എല്ലാ സത്യങ്ങളും അപേക്ഷികങ്ങളുമാണ്; ഇവയെല്ലാം മറ്റു സത്യങ്ങളോടു ചേർത്ത് പൂർണ്ണതയിൽ എത്തിച്ചേർക്കേണ്ടതത്രെ. നമ്മുടെ അഹിംസയാകട്ടെ, അക്രമരാഹിത്യമാകട്ടെ, അതിന്നപ്പുറത്തേക്കുള്ള ചിന്തകളിലേക്ക് വ്യാപരിക്കുക തന്നെ വേണം, അല്ലാതെ മറ്റു വസ്തുതകളിൽ സാഫല്യം അടയേണ്ടവയല്ല.

ബുദ്ധമതക്കാരിൽ നിന്ന് പഠിച്ച ഒരു കാര്യം വിജ്ഞാനശാസ്ത്രം അതിൽ തന്നെ അടിസ്ഥാനരഹിതമാണെന്നത്രെ. നമ്മുടെ എല്ലാ തിരിച്ചറിവുകളും, പ്രപഞ്ചവുമായി ബന്ധപ്പെട്ടവയുൾപ്പെടെ നമ്മുടെ മനസ്സിന്റെ അവസ്ഥാഭേദങ്ങളുമായി ബന്ധപ്പെട്ട മാനസിക വ്യാപാരങ്ങളാണ്. അവ പരസ്പരം ബന്ധിതമായിക്കൊണ്ട് ഒരു ആത്യന്തിക യാഥാർത്ഥ്യത്തിലേക്ക് എത്തിപ്പെടുന്നു; അവ യഥാതഥമാകാം, അല്ലായിരിക്കാം, പക്ഷേ അവയെ ഗൗരവമായി കണക്കാക്കുക തന്നെ വേണം; എന്നാൽ അത്ര തികവോടെയാവേണ്ട താനും.

ജൂതന്മാരിൽ നിന്നും അറബികളിൽ നിന്നും സിക്കുകാരിൽ നിന്നും സൊരാഷ്ട്രീയരിൽ നിന്നും ധാരാളം പഠിക്കുവാൻ സാധിച്ചിട്ടുണ്ട്; അതുപോലെ തന്നെ ആദിവാസികളിൽ നിന്നും പ്രാകൃത വർഗ്ഗക്കാരിൽ നിന്നും ആഫ്രിക്കക്കാരിൽ നിന്നും അമേരിക്കയിലെ തദ്ദേശീയവാസികളിൽ നിന്നും ഏറെ പഠിക്കുവാനായി. പഠനം തുടർന്നുകൊണ്ടേയിരിക്കുന്നു, അവസാനം വരെയും അത് തുടരണം.

കമ്മ്യൂണിസ്റ്റുകളിൽ നിന്നും ഒരുപാട് പാഠങ്ങൾ സ്വായത്തമാക്കുവാൻ സാധിച്ചു. യൂറോപ്യൻ പ്രബുദ്ധതാ സമ്പ്രദായത്തിന്റെ നിരീശ്വര ഘടകമായിരുന്നു കമ്മ്യൂണിസ്റ്റുകൾ എന്ന് പറയാവുന്നതാണ്. അവരുടെ ബലഹീനതയിൽ

നിന്നും പരാജയങ്ങളിൽ നിന്നും ഒപ്പം അവരുടെ പ്രകടമായ വിജയങ്ങളിൽ നിന്നും ധാരാളം പാഠങ്ങൾ നമുക്കുണ്ട്. രണ്ടു കാരണങ്ങൾ കൊണ്ട് അവയെ സ്വാംശീകരിക്കുവാൻ ഞാൻ ശ്രദ്ധ വച്ചു. 1. അവരുടെ സാമൂഹിക ലക്ഷ്യങ്ങൾ ക്രൈസ്തവ ആശയങ്ങളായ നീതിയും ന്യായവും നിറയുന്ന ഒരു സമൂഹത്തിനു വേണ്ടി നിലകൊണ്ടു; ഉദാരവൽക്കരണ നയങ്ങളിൽ നിന്നും മുതലാളിത്ത ചിന്താഗതികളിൽ നിന്നും ഇവ വ്യതിരക്തത പുലർത്തുന്നു. 2. എന്റെ പാശ്ചാത്യ ക്രൈസ്തവ സഹോദരങ്ങൾ, അവർ റോമൻ കത്തോലിക്കരായാലും നവീകരണ വിഭാഗക്കാരായാലും ശരി, കമ്മ്യൂണിസ്റ്റുകൾ ചെയ്യുന്ന ഓരോ കാര്യങ്ങളെയും ബാലിശമായി വിമർശിക്കുവാൻ കച്ച കെട്ടിയ വരായിരുന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധ മനോഭാവം ക്രൈസ്തവ വിരുദ്ധം തന്നെയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതുകൊണ്ട് അവർ നീതിപൂർവ്വകമായ സമൂഹത്തിനുവേണ്ടി നിലനിൽക്കുന്ന കാലത്തോളം അക്രമ പ്രകൃതവും ചൂഷക പ്രകൃതവും തീർത്തും ലഘുവൽക്കരിക്കുന്നി ടത്തോളം അവരുമായി സഹകരിക്കണമെന്ന ഒരു മനോഭാവത്തിൽ ഞാൻ എത്തിച്ചേർന്നു. അത്തരം ഒരു സാഹചര്യം രൂപപ്പെട്ടു വരുന്നതോടെ മനുഷ്യ സമൂഹത്തിന് കൂടുതൽ സ്വാതന്ത്ര്യ ത്തോടെയും ആത്മാഭിമാനത്തോടെയും ജീവിക്കാൻ സാധിക്കും.

എന്തു ചെയ്യാം കമ്മ്യൂണിസ്റ്റുകളും അധികാരമോഹികളും തത്വ വാദികളും അഴിമതിക്കാരും ആയി മാറിയത് അവരുടെ സ്വന്തം ശവക്കുഴി തോണ്ടുവാൻ ഇടയാക്കിയെന്ന് പറയാതെ വയ്യ, ഏതാണ്ട് റോമൻ കത്തോലിക്കാ സഭയ്ക്ക് പറ്റിയതുപോലെ. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഞാൻ ഇന്നും സോഷ്യലിസ്റ്റ് ചിന്താധാരണകളിൽ ഉറച്ചുനിൽക്കുന്നു. എന്റെ സോഷ്യലിസ്റ്റ് പ്രതിബദ്ധതയ്ക്ക് യാതൊരു കോട്ടവും ഇല്ല. ഒരു സമാന്തര സമൂഹം കെട്ടി പ്പടുക്കുവാൻ അതിന്നപ്പുറം വേറെ വഴികളൊന്നും നമുക്ക് മുമ്പിൽ ഇല്ല. ഒരു ക്രൈസ്തവൻ എന്ന നിലയിൽ തന്നെയാണ് ഈ ഒരു നിലപാടിൽ ഞാൻ എത്തിച്ചേർന്നത്.

അതേസമയം പൗരസ്ത്യ ഓർത്തഡോക്സ് പൈതൃകം ഒരുപാട് കാര്യ ങ്ങളിൽ എന്നെ അവബോധമുള്ളവനാക്കിത്തീർക്കുക തന്നെ ചെയ്തു.

◆ ദൈവം ക്രിസ്തുവിൽ നിവർത്തിച്ചവയുടെ അടിസ്ഥാന പ്രതികരണം വിശുദ്ധ ബലിയർപ്പണവും കൃതജ്ഞതാ സമർപ്പണവും തന്നെയാണ്, പ്രബോധനമോ സാക്ഷീകരണമോ അല്ല.

◆ സമൂഹത്തിലെ ക്രൈസ്തവ ജീവിതം ക്രൈസ്തവ പ്രഭാഷണ ങ്ങളേക്കാളും ക്രൈസ്തവ പ്രവർത്തനങ്ങളെക്കാളും ഉദാത്തമാണ്.

◆ ഒരു ക്രിസ്ത്യാനിയുടെ വ്യക്തിപര ജീവിതം ഒരു സ്വകാര്യ സംഗതിയല്ല, മറിച്ച് വിശ്വാസി സമൂഹത്തിൽ പരിശുദ്ധാത്മ ക്രിയയാണ്.

◆ അതിന്റെ പുറപ്പെടൽ മുതൽ പരിശുദ്ധാത്മ വ്യാപാരം സൃഷ്ടി സമൂ ഹത്തിൽ സജീവമാണ്; അത് ഇന്നും തുടരുന്നു, സഭയിൽ മാത്രമല്ല, പ്രപ ഞ്ചമാകെ. ദൈവിക പദ്ധതികൾപ്രകാരം സർവതിനെയും പൂർത്തീകരിക്കു കയും ചെയ്യുന്നു.

◆ ദൈവിക പദ്ധതികൾപ്രകാരം സൃഷ്ടിക്കപ്പെട്ട ക്രമം പൂർത്തീകരിക്ക പ്പെടുവാൻ ഞാൻ ത്രീയേക ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നു; പ്രകടമായ പരാജയങ്ങൾ ഉണ്ടായേക്കാം, അധോഗമനം ഉണ്ടായേക്കാം; വി. മാമോദീസായാലും പരിശുദ്ധാത്മാഭിഷേകത്താലും ഈ മഹാ പ്രപഞ്ച രഹസ്യത്തിൽ ഞാൻ ഭാഗഭാക്കാകുന്നു; ദൈവം അതിന്റെ തികവിലേക്ക് വഴിനടത്തുന്നു.

എന്റെ ദർശനം മനുഷ്യ വാക്കുകളെയും സങ്കൽപ്പങ്ങളെയും നിഷേധി ക്കുന്നതാണ്. മനുഷ്യ മനസ്സിന് സൃഷ്ടികർമ്മത്തിലുള്ള ദൈവേച്ഛ തിരിച്ചറിയുക അസാദ്ധ്യമാണ്. കാലത്തികവ് കലർപ്പില്ലാത്ത നന്മയാണ്, സ്നേഹത്തിൽ അധിഷ്ഠിതമായ സംശുദ്ധമായ ആഹ്ലാദമാണ്, സമൂഹത്തിൽ സർവരുമായി പങ്കിടുന്ന ശാന്തിയാണ്, മനുഷ്യമനസ്സിനോ ഇന്ദ്രിയങ്ങൾക്കോ ആസ്വദിക്കാൻ കഴിയുന്നതിന്നുമപ്പുറം ആവേശകരമായ മധുരിമയാണ്. നമുക്ക്, സൃഷ്ടിക്ക് ദൈവം കരുതിവെച്ചിരിക്കുന്നവ എന്താണെന്ന് മനുഷ്യമനസ്സിന് സങ്കൽപ്പി ക്കുവാനോ മുൻകൂട്ടി കാണുവാനോ സാധിക്കുന്നതല്ല. നമ്മുടെ ഭാവനയും സ്വപ്നങ്ങളും ഒരു പരിധിക്കപ്പുറം ഉയരുന്നവയല്ല. അവസാന നാളിൽ അവ നാം അനുഭവിക്കുമ്പോഴും എല്ലാവിധ ഭാഷകൾക്കും ചിന്തകൾക്കും അപ്പുറമാ യിരിക്കും എന്ന് അറിയണം.

പരിശുദ്ധാത്മാവാണ് ഇവിടെ എന്റെ ധൈര്യം. പരിശുദ്ധാത്മാവാണ് അവിടേയ്ക്ക് എന്നെ വഴിനടത്തുന്നത്. ആത്മാവിനെക്കുറിച്ച് ഇവിടെത്തന്നെ നമുക്ക് ഒരു മുന്നറിവ് ഉണ്ട്, വളരെ അവ്യക്തമായ ഒരു മുന്നറിവ്. യാഥാർത്ഥ്യം അനുഭവവേദ്യമാകുമ്പോൾ അത് ഇന്നത്തെ നമ്മുടെ സർവ്വ പ്രത്യാശകളേയും മാനുഷിക പ്രതീക്ഷകളെയും അതിശയിക്കുക തന്നെ ചെയ്യും.

പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ ത്രിയേക ദൈവത്തിന് മഹത്വം കരേറ്റുന്നു, എന്നുമെന്നേയ്ക്കും തന്നെ, ആമ്മീൻ.

(My Own Vision of the Ultimate: Why am I an Eastern Orthodox Christian? എന്ന ലേഖനത്തിന്റെ മലയാള പരിഭാഷ. വിവർത്തനം: എം. കുര്യൻ, ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ)



ഡോ. തോമസ് മാർ അത്താനാസിയോസ് കണ്ണ്യാട്ടുനിരപ്പ് പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു.



പാമ്പാടി ദറയായുടെ കീഴിലുള്ള പി.എം.ജി.എം അഭയ ഭവൻ ചാരിറ്റബിൾ സൊസൈറ്റിയിലെ അന്തേവാസികൾക്കായി അഭയഭവന്റെ ചാപ്പലിൽ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് വി. കുർബ്ബാന അർപ്പിച്ച ശേഷം അന്തേവാസികളുമൊത്ത്.



മുള്ളരിങ്ങാട് പള്ളിയിൽ കോടതി വിധി നടപ്പായി

മുള്ളരിങ്ങാട്: അങ്കമാലി ഭദ്രാസനത്തിലെ സെന്റ് മേരീസ് (ഗത്സിമോൻ) ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വികാരി ഫാ. ജിതിൻ പാർണായി പ്രവേശിച്ച് വി. കുർബാന അർപ്പിച്ചു.

ലേഖനം

കൊടിയേറ്റവും കൊടിയിറക്കവും പിന്നെയൊരു മൗനവും

ഫാ. ഡോ. കെ. എം. ജോർജ്ജ്

എല്ലാം അടച്ചുകെട്ടിയ കൊറോണക്കാലത്ത് ചില പത്രങ്ങളിൽ വന്നുകൊണ്ടിരുന്ന ഒരു വാർത്തയുണ്ടായിരുന്നു. പ്രശസ്തമായ ചില ക്ഷേത്രങ്ങളിലെയും ക്രിസ്ത്യൻ പള്ളികളിലെയും ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവകളോട് അനുബന്ധിച്ച 'കൊടിയേറ്റവും കൊടിയിറക്കവും' (പൂർവാധികം ഭംഗിയായി) നടന്നതിന്റെ ചിത്രങ്ങൾ സഹിതമുള്ള വാർത്ത. ഈ മഹാ സംഭവങ്ങൾക്കിടയിൽ എന്താണുണ്ടായത് എന്നു ചോദിച്ചാൽ ഒറ്റ വാക്കിൽ ഉത്തരം: 'ചടങ്ങു മാത്രം.' പിന്നെയൊരു ദീർഘമായ മൗനവും!

ഒരിക്കൽ ആഘോഷങ്ങളുടെ ആരവങ്ങൾകൊണ്ടു നിറച്ചിരുന്ന അത്തരം ഇടവേളകളിൽ മൃദുമന്ത്രണങ്ങളുയർത്തിയ മഹാമൗനത്തിന്റെ അടിവേരുകളിൽ എവിടെയോ ഒരു പുതിയ ആധ്യാത്മികതയുടെ പൊടിപ്പുകളുണ്ട്. മനുഷ്യഭാവിയെക്കുറിച്ചുള്ള ഏതു മനനങ്ങളിലും സുപ്രധാനമായ ഒന്നാണ് മൗനത്തിന്റെ മൂലത്തിലെ മുളകൾ.

ആഗോളതലത്തിൽ തികച്ചും ആകസ്മികമായി അരങ്ങേറിയ ദുരന്ത നാടകത്തിന്റെ അന്ത്യത്തിൽ നമ്മുടെ ലോകത്തിന് മൗലികമായ മാറ്റങ്ങൾ വരുമെന്ന് അല്ലെങ്കിൽ വരുത്തണമെന്ന് ചിന്തിക്കുന്ന കുറെ ആളുകളുണ്ട്. അതിവിസ്മയം, അനിശ്ചിതത്വം, ഇപ്പോഴത്തെ ലോകവ്യവസ്ഥയുടെ അർത്ഥശൂന്യത, പുതിയൊരു അസ്തിത്വാവബോധം, ലോകത്തിനൊരു നവീനക്രമത്തെക്കുറിച്ചുള്ള ശുഭപ്രതീക്ഷ, മാറ്റങ്ങൾ സ്വീകരിക്കാനുള്ള സന്നദ്ധത, ദുരിതങ്ങൾക്ക് ഇരയായവരോടുള്ള സഹാനുഭൂതി എന്നിവയൊക്കെ അവരിൽ പ്രകടമാണ്.

എന്നാൽ ഇതൊന്നും പൊടിപോലും ഏശാതെ, അപകടകരമായ ആത്മവിശ്വാസത്തോടെ പഴയ ട്രമ്പററുകൾ മുഴക്കുന്ന പ്രസിഡന്റ് ട്രമ്പിനെപ്പോലെയുള്ളവരാണ് നേതൃസ്ഥാനങ്ങളിൽ അധികവും.

അവരിൽനിന്ന് തികച്ചും വ്യത്യസ്തനായി ലോകശ്രദ്ധ ആകർഷിക്കുന്ന സമുന്നത വ്യക്തിയാണ് ഫ്രാൻസിസ് മാർപാപ്പാ. മുകളിൽ പറഞ്ഞ കാര്യങ്ങൾ നന്നായി ബാധിച്ചിട്ടുള്ള ചിന്തിക്കുന്ന മനുഷ്യരുടെ പ്രതിനിധിയാണ് അദ്ദേഹം. ഇവരെ രണ്ടുപേരെയും മാത്രം എടുത്തുപറയുന്നത് ക്ഷമിക്കണം. പരമ്പരാഗതമായി ഈ രണ്ടു സ്ഥാനികളും നിർവഹിക്കുന്ന രണ്ടു നടപടികൾ മാത്രം മതി ചില കാര്യങ്ങൾ മനസ്സിലാക്കാൻ (മൂന്നാമതൊരാളെ കൂടി വഴിയെ പരാമർശിക്കുന്നുണ്ട്).

അമേരിക്കൻ പ്രസിഡന്റുമാർ നിർവഹിച്ചുവരുന്നതും, അമേരിക്കൻ ഭരണഘടന അനുശാസിക്കുന്നതുമായ ഒന്നാണ് State of the Union Addrsse എന്ന വാർഷിക പ്രസംഗം. മാർപാപ്പാമാർ ഏതാണ്ട് 700 വർഷങ്ങളായി സുപ്രധാന അവസരങ്ങളിൽ നിർവഹിക്കുന്ന ആശീർവാദവും സന്ദേശവുമാണ് Urbi te Orbi (നഗരത്തിനും ലോകത്തിനും).

പ്രസിഡന്റ് ട്രമ്പ് കഴിഞ്ഞ ഫെബ്രുവരി 4-ന് നടത്തിയ സ്റ്റേറ്റ് ഓഫ് ദി യൂണിയൻ പ്രഭാഷണത്തിന്റെ പ്രധാന പ്രമേയം 'മഹത്തായ അമേരിക്കൻ തിരിച്ചുവരവ്' എന്നതായിരുന്നു. അമേരിക്കൻ ഐക്യനാടുകളുടെ അവസ്ഥയെക്കുറിച്ചുള്ള വിലയിരുത്തലും, ഭരിക്കുന്ന സർക്കാരിന്റെ നേട്ടങ്ങളും ഭാവിയെകുറിച്ചുള്ള സ്വപ്നങ്ങളുമൊക്കെയാണ് പൊതുവേ വികാരനിർഭരമായ ഈ ഔപചാരിക പ്രസംഗങ്ങളിൽ വരുന്നത്.

എന്നാൽ സ്വാഭാവികമായും അതതു കാലത്തെ ലോകത്തെ മുഴുവൻ മനസ്സിൽ കണ്ടും വിലയിരുത്തിയുമാണ് പ്രസംഗം പുരോഗമിക്കുന്നത്. ഇതിന്റെ പുറകിലുള്ള നിശ്ശബ്ദ ധാരണയനുസരിച്ച് അമേരിക്കയാണ് ലോകത്തിന്റെ തലസ്ഥാനവും ലോകത്തിന്റെ ഭാവി നിർണയിക്കുന്നതും. ലോകമെന്ന മഹാ



സാമ്രാജ്യത്തിന്റെ നടത്തിപ്പുകാരനും ന്യായാധിപനും രക്ഷകനുമാണ് അമേരിക്കയുടെ പ്രസിഡന്റ്. അദ്ദേഹം ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് (മിശിഹാ). അദ്ദേഹം നിശ്ചയിക്കുകയും നിർദേശിക്കുകയും ചെയ്യുന്ന നയപരിപാടികളും സാമ്പത്തികക്രമവും സാംസ്കാരിക ദർശനവും ലോകത്തിനു മുഴുവൻ വേണ്ടിയാണ്. അത് സ്വീകരിക്കുന്നവർ അമേരിക്കയുടെ സുഹൃത്തുക്കളും അമേരിക്കയുടെ സംരക്ഷണത്തിന് അർഹരുമായിരിക്കും.

അതിനെ എതിർക്കുകയോ അവഗണിക്കുകയോ ചെയ്യുന്നവർ സൂക്ഷിക്കണം. അവർ തിന്മയുടെ മുതൽപ്പിടിക്കാരാണ്. അവരെ നല്ല പാഠം പഠിപ്പിക്കാനോ തുടച്ചുനീക്കാനോ അമേരിക്കൻ പ്രസിഡന്റിനു കഴിയും. എപ്പോഴും അമേരിക്കൻ രാഷ്ട്രത്തിന്റെ അഭിമാനവും അഹങ്കാരവും വിജയഭാവവും അത്യുന്നത സ്ഥാനബോധവും ഊതിവീർപ്പിക്കുന്ന പ്രസംഗമായിരിക്കും. ഇപ്രാവശ്യം പ്രസിഡന്റ് ട്രമ്പിന്റെ പ്രസംഗം ഉപസംഹരിക്കുമ്പോൾ ഉപയോഗിച്ച വാചകം ഉദ്ധരിക്കട്ടെ:

'ദൈവത്തിനു കീഴിൽ, അമേരിക്ക എന്ന ഏക രാഷ്ട്രം ലോകത്തിലെ സകല രാഷ്ട്രങ്ങളുടെയും പ്രത്യാശയും വാഗ്ദാനവും പ്രകാശവും മഹത്ത്വവുമായിരിക്കണം.'

അങ്ങനെയാവുമ്പോൾ അമേരിക്കൻ പ്രസിഡന്റിന്റെ മിശിഹാ സ്ഥാനത്തിനു അർത്ഥം വ്യക്തമാകുമല്ലോ.

ഇറ്റലിയിലും പൊതുവേ യൂറോപ്പിലും വിശാലമായ ലോകത്തിലും നിറഞ്ഞുനില്ക്കുന്ന മരണഭയത്തെ കണക്കിലെടുത്താണ് ഫ്രാൻസിസ് മാർപാപ്പാ തന്റെ ആശീർവാദ പ്രസംഗം നടത്തിയത്. ഇളകിമറിയുന്ന കടലിൽ, ഉലഞ്ഞ് മുങ്ങാൻ പോകുന്ന തങ്ങളുടെ പടകിൽ ശാന്തമായി ഉറങ്ങുന്ന യേശുവിനെ മരണഭീതിയോടെ ശിഷ്യന്മാർ വിളിച്ചുണർത്തുന്ന രംഗമാണ് സുവിശേഷത്തിൽ നിന്നു മാർപാപ്പാ ഉദ്ധരിച്ചത് (മർക്കോസ് 4:53-41). യേശു എഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെ അവിശ്വാസത്തെ ശാസിക്കുകയും കടലിനെ ശാന്തമാക്കുകയും ചെയ്യുന്നു. കോവിഡ് - 19 വ്യാപനം മൂലം മഹാവ്യഥയിലായ ലോകത്തെ പ്രക്ഷുബ്ധമായ കടലിനോടാണ് അദ്ദേഹം ഉപമിച്ചത്. സന്ദേശത്തിന്റെ ചുരുക്കം: മനുഷ്യന്റെ അതിരുകടന്ന ആത്മവിശ്വാസത്തിന്റെയും അഹന്തയുടെയും നിറപ്പകിട്ടാർന്ന എടുപ്പുകൾ തകർന്നുവീണു.

അപ്പോൾ തെളിഞ്ഞത് ഒന്നു മാത്രം. നാമെല്ലാം സഹോദരീസഹോദരന്മാരാണ്. തലതെറിപ്പിക്കുന്ന വേഗതയിലാണ് നാമെല്ലാം പൊയ്ക്കൊണ്ടിരുന്നത്. യുദ്ധങ്ങളും അനീതിയും പാവങ്ങളുടെ നിലവിളിയും അവശയായ നമ്മുടെ ഭൂമിയുടെ ഞരക്കങ്ങളും നാം അവഗണിച്ചു. രോഗാതുരമായ ഒരു ലോകത്തിൽ നമുക്ക് ആരോഗ്യത്തോടെ ജീവിക്കാമെന്ന് ധരിച്ചുവച്ചു. എല്ലാം ഇളകിമറിയുന്ന സാഹചര്യത്തിൽ നമുക്ക് ശക്തിയും താങ്ങും അർത്ഥബോധവും നല്കുന്ന പ്രത്യാശയും ഐക്യദാർഢ്യവും നാം ഉണർത്തിയെടുക്കണം. ഇത് സർവേശ്വരന്റെ ശക്തിയാണ്. നമുക്ക് സംഭവിക്കുന്ന ദുരന്താനുഭവങ്ങളെയും നമ്മുടെ നന്മയ്ക്കായി രൂപാന്തരപ്പെടുത്തുന്ന ദിവ്യശക്തി. ഇതൊരു വലിയ തിരഞ്ഞെടുപ്പിന്റെ സമയമാണ്. ക്ഷണികമായതും നിലനില്ക്കുന്നതും തമ്മിൽ വേർതിരിച്ച് നമുക്ക് ആവശ്യമില്ലാത്തതിനെ തിരസ്കരിച്ച് ആവശ്യമുള്ളത് മാത്രം സ്വീകരിക്കുന്ന തിരഞ്ഞെടുപ്പ്.

ആഗോളതലത്തിൽ മനുഷ്യരാശിക്ക് മുമ്പെങ്ങും ഉണ്ടാകാത്ത ഒരു മഹാപ്രതിസന്ധിയിൽ, വിവിധ മാധ്യമങ്ങളിലൂടെ ലോകം ശ്രദ്ധിക്കുന്ന രണ്ടു നേതാക്കളുടെ സന്ദേശങ്ങൾ തമ്മിലുള്ള അന്തരം എത്ര വലുതാണ്!

ഇന്നു ലോകത്തിൽ ജീവിച്ചിരിക്കുന്ന ഉന്നത മതനേതാക്കളിൽ, മനുഷ്യർക്ക് ഭാവിയെക്കുറിച്ച് പ്രത്യാശയും പുതിയൊരു ലോകക്രമത്തെക്കുറിച്ച് ദർശനവും നല്കുന്ന രണ്ടുപേരിൽ ഒരാളാണ് ഫ്രാൻസിസ് മാർപാപ്പാ (മറ്റേയാൾ ദലൈലാമ) എന്ന് അവരുടെ ഇതുവരെയുള്ള ജീവിതശൈലിയിൽ നിന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്.

നമ്മുടെ ലോകത്തിൽ മനുഷ്യജീവിതത്തിനും ബോധത്തിനും പരിസ്ഥിതിക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥൂലവും സൂക്ഷ്മവുമായ വ്യതിയാനങ്ങളെക്കുറിച്ച് അതീവ ബോധവാന്മാരാണ് രണ്ടുപേരും.

ആർദ്രകരുണ (compassion) എന്നു വിളിക്കാവുന്ന കാഴ്ചപ്പാടിലൂടെ ലോകയാഥാർത്ഥ്യത്തെയും മനുഷ്യരുടെയും ഇതരജീവികളെയും ആദരവോടേയും അനുകമ്പയോടെയും വീക്ഷിക്കാൻ ശ്രമിക്കുന്നവരാണ് രണ്ടു പേരും. അവരവരുടെ ഗുരുക്കന്മാരിൽ നിന്ന് കിട്ടിയ പൈതൃകഗുണമാണത് – ഒരാൾക്ക് ക്രിസ്തുവിൽ നിന്നും മറ്റേയാൾക്ക് ബുദ്ധനിൽ നിന്നും. നമ്മുടെ ലോകത്തിന്റെ സുസ്ഥിതിക്ക് ഇതിലപ്പുറം അനുപേക്ഷണീയമായ മറ്റൊരു മനോഭാവവും നിലപാടുമില്ല.

ഫ്രാൻസിസ് മാർപാപ്പായും ദലൈലാമയും ആധ്യാത്മികമായും ഭൗതികമായും പ്രവാസജീവിതം നയിക്കുന്നവരാണ്. തങ്ങൾ ഇവിടെ പരദേശികളും തീർത്ഥാടകരുമാണെന്ന ബോധം രണ്ടുപേർക്കുമുണ്ട്.

ഫ്രാൻസിസ് പാപ്പാ വത്തിക്കാൻ രാജ്യത്തിന്റെ ഭൗതിക ഭരണകർത്താവാണെങ്കിലും, പതിമൂന്നാം നൂറ്റാണ്ടിൽ യൂറോപ്പിന് ദിശാബോധവും പ്രകാശവും നല്കിയ അസ്സീസിയിലെ സ്വയം നിസ്വനായ വിശുദ്ധ ഫ്രാൻസിസിന്റെ പേര് സ്വീകരിക്കയും, മാർപാപ്പാമാർ പരമ്പരാഗതമായി താമസിക്കുന്ന വത്തിക്കാൻ കൊട്ടാരത്തിൽ നിന്ന് വിട്ട്, ഒരു അതിഥിമന്ദിരത്തിൽ മറ്റുള്ളവരോടൊപ്പം താമസമാക്കുകയും ചെയ്തു.

സത്രത്തിൽ താമസിക്കുന്നവൻ വഴിപോക്കനാണ്. താത്ക്കാലികമായ ഒരു പാർപ്പിടമേ ഈ ഭൂമിയിലുള്ളൂ എന്നു വിശ്വസിക്കുന്ന ഫ്രാൻസിസ് പാപ്പാ തന്റെ ജീവിതവും ഇടപെടലുകളും അങ്ങനെ ഒരു പ്രവാസിയുടേതുപോലെ രൂപാന്തരപ്പെടുത്തി. ദലൈലാമ ടിബറ്റൻ ജനതയുടെ ആധ്യാത്മിക പരമാചാര്യനും ഭൗതിക ഭരണകർത്താവും (ചൈനീസ് അധിനിവേശം തുടങ്ങുന്നതു വരെ) ആണെങ്കിലും ഇന്ത്യയിൽ പ്രവാസിയാകാൻ നിർബന്ധിതനായി. എന്നാൽ ആധ്യാത്മികമായി അദ്ദേഹം സ്വയം പ്രവാസിയും തീർത്ഥാടകനുമെന്ന മനോഭാവം സ്വീകരിച്ചിട്ടുണ്ടെന്ന് നമുക്ക് വ്യക്തമാണ്.

സ്വയം നോക്കി ചിരിക്കാൻ കഴിയുന്നവരാണ് ദലൈലാമയും ഫ്രാൻസിസ് പാപ്പായും. രണ്ടുപേർക്കും പാരമ്പര്യത്തിന്റെ മഹാമാറാപ്പുകൾ പുറത്തുണ്ട്. ദലൈലാമയെ ദേവതുല്യനായാണ് ടിബറ്റൻ ജനത കാണുന്നത്. ഗുരുസാഗരമാണ്. വാക്കിനർത്ഥം അതാണ്. സമുദ്രതുല്യനായ ആചാര്യൻ. തെറ്റികൂടായ്മയുണ്ട്. പാപ്പാ ഫ്രാൻസിസിനുമുണ്ട് പല സ്ഥാനവിശേഷണങ്ങളും അപ്രമാദിത്വത്തിന്റെ കനത്ത ഭാണ്ഡവും. എങ്കിലും തെളിഞ്ഞ നർമബോധത്തോടെ രണ്ടുപേരും നന്നായി ചിരിക്കയും തങ്ങൾ വളരെ കുറവുള്ളവരും ഇടയ്ക്കിടെ തെറ്റിപ്പോകുന്നവരും മറ്റുള്ളവരുടെ സഹായവും പ്രാർത്ഥനയും എപ്പോഴും ആവശ്യമുള്ളവരും ആണെന്ന് പരസ്യമായി ഏറ്റുപറയുകയും ചെയ്യുന്നവരാണ്. മാറാപ്പുകൾ അഴിച്ചുവച്ച് ഭാരരഹിതരായി സഞ്ചരിക്കാൻ രണ്ടുപേർക്കും കഴിയും. ആത്മഹാസ്യത്തിന്റെ ആധ്യാത്മികതയ്ക്ക് എല്ലാക്കാലത്തും ഒരു വിഗ്രഹഭഞ്ജകത്വഭാവമുണ്ട് എന്ന് ദലൈലാമയും ഫ്രാൻസിസ് പാപ്പായും സൂചിപ്പിക്കുന്നു. അവരെ ആർക്കും വിഗ്രഹങ്ങളാക്കാനാവില്ല. അവർ തന്നെ അതുടച്ച് കളയും. ഇതൊരു വിനയമാണ് – മനുഷ്യനു മുൻപിൽ, മറ്റു ജീവജാലങ്ങൾക്കു മുൻപിൽ, പ്രപഞ്ചമെന്ന മഹാസമസ്യയ്ക്ക് മുൻപിൽ.

ഒരുപക്ഷേ, പുതിയൊരു സന്ന്യാസപ്രസ്ഥാനം നമ്മുടെ ലോകത്തിൽ ഉരുത്തിരിയാനുള്ള സാഹചര്യവും സാധ്യതയുമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. വളരെ പുരാതനകാലത്ത് 2500 വർഷങ്ങൾക്കു മുമ്പ് ഏഷ്യയെ പ്രബുദ്ധമാക്കിയ ബൗദ്ധസന്യാസ സംസ്കാരവും പിന്നീട് 1000 വർഷങ്ങൾക്കുശേഷം യൂറോപ്പിനെ പ്രകാശിപ്പിച്ച, വിശുദ്ധ ബനഡിക്ടിൽ തുടങ്ങിയ സന്യാസ സംസ്കൃതിയുംപോലെ, മേൽ സൂചിപ്പിച്ച തത്ത്വങ്ങളെ അവതീർണമാക്കുന്ന ഒരു പുതിയ ആധ്യാത്മികാന്ദോളനം സംഭവിക്കാൻ കൊറോണ വൈറസ് ഒരു പക്ഷേ, കാരണമായേക്കും.

കൊറോണയുടെ തേർവാഴ്ച കഴിഞ്ഞു കിട്ടിയാൽ പഴയ കൊട്ടുംകുരവയും ആനയും അമ്പാരിയുമായി പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് അടിവച്ചടിവച്ച് കയറാമെന്നാണ് രാഷ്ട്രീയനേതാക്കളും ഒട്ടൊക്കെ മറ്റു നേതാക്കളും ചിന്തിക്കുന്നതെന്ന് തോന്നുന്നു. പഴയതിലേക്ക് നമുക്കു പോകാമായിരിക്കും. പക്ഷേ, പുതിയ വൈറസുകൾ, കൂടുതൽ പ്രഹരശേഷിയുള്ളവ, എപ്പോഴാണ് മാനത്തുനിന്ന് പൊട്ടിവീഴുന്നത് എന്നു നമുക്ക് ഒട്ടുമേ അറിഞ്ഞുകൂടാ. അറിവുള്ളവർ പറയുന്നത് പരിസ്ഥിതിയുടെ മാറ്റവും (ഉദാ: ആഗോളതാപനം) പുതിയ വൈറസുകളുടെ തിരനോട്ടവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നാണ്. ഇപ്പോൾ ഉത്തരധ്രുവത്തിലും മറ്റും യുഗങ്ങളായി അടിഞ്ഞുകൂടിയ മഞ്ഞുരുകുന്നതുകൊണ്ട്, ലക്ഷോപലക്ഷം വർഷങ്ങൾക്കു മുൻപ് ചത്തടിഞ്ഞ മൃഗങ്ങളുടെ ജഡങ്ങളും പുതിയ ബാക്ടീരിയകളും മാരകമായ വൈറസുകളുമൊക്കെ നമ്മുടെ ജീവിതത്തിലേക്ക് വരുമെന്നും, അവ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമാണെന്നും കണക്കാക്കപ്പെടുന്നു. ഇത്തരം ആകസ്മികത കണക്കിലെടുത്ത് തീർത്തും പുതിയ ഒരു ജീവിതശൈലി നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ദലൈലാമയുടെയും ഫ്രാൻസിസ് പാപ്പായുടെയും ജീവിതദർശനം ചുരുക്കിപ്പറഞ്ഞാൽ, നാലു തത്ത്വങ്ങൾ സുപ്രധാനമാണ് എന്നു തോന്നുന്നു:

1. എല്ലാ അതിരുകളെയും ഭേദിക്കുന്ന കരുണാർദ്രമായ ലോകവീക്ഷണവും ജീവനോടുള്ള ആദരവും.

2. മനുഷ്യർക്കും ഭൂമിക്കും ജീവജാലങ്ങൾക്കും സംഭവിക്കുന്ന മാറ്റങ്ങളുടെ സൂക്ഷ്മ സൂചിക തിരിച്ചറിയുന്ന പ്രകാശിതമായ ബോധം.

3. ആത്മഹാസ്യത്തിന്റെ വിനയാന്വിതമായ വിഗ്രഹഭഞ്ജനം.

4. സത്രവാസത്തിലൂടെ ഭൂമിയിൽ നിരന്തരം പ്രവാസിബോധം നിലനിർത്തുന്ന തീർത്ഥാടനം.

കഴിഞ്ഞ 500 വർഷങ്ങളായി കൊളോണിയൽ കീഴടക്കലിലൂടെ ഭൂമിയും ആകാശവും സമുദ്രത്തിന്റെ ആഴങ്ങളും വെട്ടിപ്പിടിക്കാൻ ശ്രമിച്ച ഒരു നാഗരിക സംസ്കാരത്തിന്റെ കൊടിയേറ്റത്തിനും കൊടിയിറക്കത്തിനും ഇടയ്ക്കുള്ള ആർപ്പും തിമിർപ്പുമാണ് നമ്മുടെ ആധുനിക ചരിത്രം. ഇനി വേണ്ടത് സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേക്കുള്ള ഒരു നിശ്ശബ്ദ തീർത്ഥാടനമാണ്.

ഒരുപക്ഷേ, പുതിയൊരു സന്ന്യാസപ്രസ്ഥാനം നമ്മുടെ ലോകത്തിൽ ഉരുത്തിരിയാനുള്ള സാഹചര്യവും സാധ്യതയുമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. വളരെ പുരാതനകാലത്ത് 2500 വർഷങ്ങൾക്കു മുമ്പ് ഏഷ്യയെ പ്രബുദ്ധമാക്കിയ ബൗദ്ധസന്യാസ സംസ്കാരവും പിന്നീട് 1000 വർഷങ്ങൾക്കുശേഷം യൂറോപ്പിനെ പ്രകാശിപ്പിച്ച, വിശുദ്ധ ബനഡിക്ടിൽ തുടങ്ങിയ സന്യാസ സംസ്കൃതിയുംപോലെ, മേൽ സൂചിപ്പിച്ച തത്ത്വങ്ങളെ അവതീർണമാക്കുന്ന ഒരു പുതിയ ആധ്യാത്മികാന്ദോളനം സംഭവിക്കാൻ കൊറോണ വൈറസ് ഒരു പക്ഷേ, കാരണമായേക്കും.


(തുടരും)

ഇടുങ്ങിയ വാതിലിന്റെ ഞെരുക്കങ്ങൾ

(പെന്തിക്കോസ്തിക്കു ശേഷം ആറാം ഞായർ)

(വി. ലൂക്കോസ് 13:22-35)

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)



ആദ്ധ്യാത്മികതയുടെ അടിസ്ഥാന പ്രമാണങ്ങൾ എന്താണെന്നും, ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കപട ആത്മീയതയുടെ പുകമറകൾ സൃഷ്ടിക്കുന്ന നാട്യങ്ങളിൽ നിന്ന് ഒഴിഞ്ഞ് പിതാക്കന്മാർ നടന്ന ഒറ്റയടിപ്പാതയിലൂടെ സഞ്ചരിച്ച്, ക്രിസ്തുവിലേക്ക് അടുക്കുകയാണ് വഴി എന്നും ഇന്നത്തെ സദ്വിചാരങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. തന്റെ ജനത്തോടുള്ള ക്രിസ്തുവിന്റെ സ്നേഹവും കരുതലും ശിഷ്യന്മാരോടും പരീശന്മാരോടുമുള്ള വാക്കുകളിൽ പ്രകടമാകുന്നുണ്ട്. രക്ഷിക്കപ്പെടുന്നവർ ചുരുക്കമാണ് എന്നതും, ഇടുക്കുവാതിലിലൂടെ വളരെ കുറച്ചു പേർക്കേ കടക്കുവാൻ കഴിയുകയുള്ളു എന്നതും, ദൈവരാജ്യത്തിലെ വിരുന്നിൽ പങ്കെടുക്കാൻ കഴിയാതെ പോകുന്നവർ അനേകരുണ്ട് എന്നതും, ക്രിസ്തുവിന്റെ സ്നേഹം നിരസിച്ചവർ യരുശലേമിലുണ്ട് എന്നതും വളരെ ദുഃഖത്തോടെയാണ് ക്രിസ്തു വെളിപ്പെടുത്തുന്നത്. ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ ആദ്യകാലങ്ങൾ കൂടുതലും ഗലീലയിലും ചുറ്റുമുള്ള പട്ടണങ്ങളിലുമാണ് ചെലവഴിച്ചതെങ്കിൽ, അവസാനനാളുകളിൽ യഹൂദരുടെ മതജീവിതത്തിന്റെ പ്രധാന കേന്ദ്രമായ യരുശലേമിലേക്കാണ് അവൻ പോയത് (ലൂക്കോസ് 9.51). യരുശലേമിലേക്കുള്ള യാത്ര എന്നത് സുവിശേഷകരുടെ വീക്ഷണത്തിൽ കഷ്ടപ്പാടിന്റെയും നിന്ദയുടെയും കുരിശുമരണത്തിന്റെയുമൊക്കെ അനുഭവങ്ങൾ തരുന്നവയാണ്. ഇത് ക്രിസ്തുവിന് മുൻകൂട്ടി അറിയാമായിരുന്നു. അതിനാലാണ്, അവൻ കാണിച്ചുതന്ന വാതിലിൽ കൂടി കടപ്പാനും, അവൻ കുടിച്ച പാനപാത്രം കുടിക്കുവാനും അനേകർക്ക് കഴിയാതെ പോകുന്നത് എന്ന് ക്രിസ്തു തന്നെ പറയുന്നത്. കുറുക്കുവഴികളില്ലാത്ത, തീർത്തും സുതാര്യവും നിഷ്കപടതയുള്ളതുമായ ആ വാതിൽ തുറക്കുവാൻ നമുക്ക് സാധിക്കുമോ എന്നതാണ് ചലഞ്ച്. ഒരു വ്യക്തിയുടെ ആത്മീയ ജീവിതത്തിന്റെ അടിത്തറ എന്തെന്ന് ക്രിസ്തു തന്റെ വാക്കുകളിലൂടെ നമുക്ക് പറഞ്ഞു തരുന്നു.

1. ലക്ഷ്യസ്ഥാനത്തിലെത്തുവാൻ കഠിനാദ്ധ്വാനം ചെയ്യുന്നവനാണ് യഥാർത്ഥ ശിഷ്യൻ

"നിന്റെ സാന്നിധ്യത്തിൽ ഞങ്ങൾ ഭക്ഷിച്ചു. നിന്റെ സന്നിധിയിൽ ഞങ്ങൾ പാനം ചെയ്തു. നീ ഞങ്ങളുടെ തെരുവുകളിൽ പഠിപ്പിച്ചു. ..." (ലൂക്കോസ് 13.26). ദൈവവുമായി വളരെ അടുത്ത സൗഹൃദമുണ്ടെന്നു തോന്നിപ്പിക്കുന്ന പ്രവൃത്തികൾ. എന്നാൽ അവരുടെ ഹൃദയം ദൈവത്തിൽ നിന്ന് വളരെ അകലെയായിരുന്നു. അനീതി പ്രവർത്തിക്കുന്നവർ എന്നാണ് ക്രിസ്തു അവരെ സംബോധന ചെയ്തത്. കപട ആത്മീയതയുടെ വലിയ ഒരു മുഖാവരണമാണ് ക്രിസ്തു അഴിച്ചു മാറ്റുന്നത്. കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവരല്ല, മറിച്ച് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് യഥാർത്ഥ സ്വർഗ്ഗരാജ്യ അവകാശികൾ എന്ന് ക്രിസ്തു ആവർത്തിച്ച് പറയുന്നു (മത്തായി 7.21). സുഖവും സൗകര്യവും ആഢംബര ജീവിതവുമാണ് മതത്തിന്റെ വഴികളെങ്കിൽ, ആ വിശാലമായ വാതിൽ തേടുന്നവരുടെ അവസാനം അവരുടെ മുമ്പിലുള്ള അടഞ്ഞ വാതിലാണെന്ന് ക്രിസ്തു അടിവരയിട്ടു പറയുന്നു. പുറന്തള്ളപ്പെടുന്ന ഇങ്ങനെയുള്ളവർക്ക് വിലാപവും പല്ലുകടിയുമാണ് ഉണ്ടാവുക.

ഏറ്റവും മുമ്പിലാകുവാനും, ഒന്നാമതാകുവാനും ഒരു അത്‌ലറ്റ് എങ്ങനെ കഠിനാദ്ധ്വാനം ചെയ്യുന്നുവോ, അതുപോലെയാകണം ഒരു ക്രിസ്തുശിഷ്യൻ സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കാൻ അദ്ധ്വാനിക്കേണ്ടത്. അതിന് യാതൊരു എളുപ്പവഴികളുമില്ലെന്നാണ്, 'രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ?' എന്ന് ചോദിച്ച വ്യക്തിയോട് ക്രിസ്തു പറയുന്നത്. 28-ാം വാക്യത്തിൽ പറയുന്ന പഴയനിയമ പിതാക്കന്മാരും പ്രവാചകന്മാരും ദൈവരാജ്യത്തിന്റെ അവകാശികളായത് എളുപ്പമാർഗ്ഗത്തിൽ കൂടിയോ കുറുക്കുവഴികളിൽ കൂടിയോ അല്ലായെന്ന് ക്രിസ്തു ഓർമ്മപ്പെടുത്തുന്നു. അഗ്നിപരീക്ഷകളുടെ ഒരു പരമ്പര തന്നെ ഇവരുടെ ജീവിതത്തിൽ ഉണ്ടായി എന്നത് പഴയനിയമം നമ്മെ പഠിപ്പിക്കുന്നു. സത്യവും ധർമ്മവും നീതിബോധവും വിശ്വാസവും അനുതാപവും പ്രാർത്ഥനയും ആത്മീയ തീക്ഷ്ണതയും ജീവിതാനുഭവങ്ങളാക്കിയവർ ആയിരുന്നു അവർ. ഇന്നുള്ള തലമുറയ്ക്ക് വഴിവിളക്കായി ശോഭിച്ചു നിൽക്കുന്നവരാണ് അവർ. ആ മാർഗ്ഗം പിന്തുടരുവാൻ നമുക്ക് സാധിക്കണം. ആത്മീയത എന്നത് ആഘോഷങ്ങളുടെ പര്യായ പദമായി മാറിയ ഇക്കാലത്ത്, ദൈവരാജ്യ പ്രവേശനമെന്നത് ഒരു മരീചികയായി അവശേഷിപ്പിക്കാതെ, യഥാർത്ഥ സ്വത്വബോധത്തോടെ ജീവിക്കുവാനും, ഇടുക്കുവാതിലിന്റെ ഉള്ളിലേക്ക് പ്രവേശിക്കുവാനും നമുക്ക് സാധിക്കട്ടെ.

2. അധികാരസ്ഥാനങ്ങളോട് അകലം സൂക്ഷിക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ

ക്രിസ്തു തങ്ങളുടെയിടയിൽ നിന്ന് കടന്നുപോകുന്നതിനും, അവനെ ഒന്ന് പേടിപ്പിക്കുന്നതും വേണ്ടിയാകണം ചില പരീശന്മാർ അവനോട് രാജാവായ ഹെരോദാവ് നിന്നെ അന്വേഷിക്കുന്നു എന്ന് പറഞ്ഞത് (ലൂക്കോസ് 1.5-ൽ കാണുന്ന യഹൂദ്യ രാജാവായ ഹെരോദ് ദ് ഗ്രേറ്റിന്റെ മകനാണ് 13.31-ലെ ഹെരോദാവ് - ഹെരോദ് അന്തിപ്പാസ്. ലൂക്കോസ് 3.1, 9.7). അയാളെ 'കുറുക്കൻ' എന്ന് വിളിക്കുവാൻ ക്രിസ്തു ധൈര്യം കാട്ടി. വളരെ സൂത്രശാലിയും, കുരുട്ടുബുദ്ധിയുമുള്ള ജീവി ആയിട്ടാണ് കുറുക്കൻ എല്ലാവരും കാണുന്നത് (ഉത്തമഗീതം 2.15, യെഹസ്ക്കിയേൽ 13.4). ക്രിസ്തു ഹെരോദാവിനെ 'കുറുക്കൻ' എന്ന് വിളിച്ചത് വഴി ഹെരോദാവ് അങ്ങനെ സ്വഭാവമുള്ള ഒരാളാണ് എന്ന് ധൈര്യപൂർവ്വം പരീശന്മാരോട് പറയുകയാണ്. മാത്രമല്ല, ക്രിസ്തു തന്റെ പ്രവർത്തനം അവിടെ നടത്തുമെന്നും വളരെ തീക്ഷ്ണമായി പറയുന്നു. കൂടാതെ യോഹന്നാൻ സ്നാപകനെ കൊന്നതുൾപ്പെടെയുള്ള (മത്തായി 14.1-12, മർക്കോസ് 6.14-27, ലൂക്കോസ് 9.9) ഹെരോദാവിന്റെ അധികാരപ്രമത്തത ക്രിസ്തു ചോദ്യം ചെയ്യുകയാണ്. ഒരു രാജാവെന്ന നിലയിൽ ജനങ്ങൾക്ക് നന്മ ചെയ്യേണ്ടവനും അവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടവനുമായവൻ അതിൽ നിന്ന് പിന്മാറി ചിലരുടെ പ്രീണനങ്ങൾക്കു വശംവദനാകുമ്പോൾ, നന്മ ചെയ്ത് ഞാനിവിടെത്തന്നെ ഉണ്ടാകുമെന്ന് യാതൊരു ഭയവുമില്ലാതെയാണ് ക്രിസ്തു പരീശന്മാരോട് പറയുന്നത്. മാത്രമല്ല എന്റെ മരണത്തോളം ഞാനീ വേല ചെയ്യുമെന്നും ക്രിസ്തു കൂട്ടിച്ചേർക്കുന്നു.

ഭയരഹിതമായ ഈ മനോഭാവമാണ് ഒരു ക്രിസ്തുശിഷ്യന് വേണ്ടത്. അധികാരത്തോടും അധികാരസ്ഥാനങ്ങളോടും എപ്പോഴും ഒരു അകലം സൂക്ഷിച്ച് ധാർമ്മികബോധം ഉയർത്തിപ്പിടിച്ച്, സമൂഹത്തിലെ കൊള്ളരുതായ്മകളെ ചോദ്യം ചെയ്യുന്ന നാവായിരിക്കുവാൻ നമുക്ക് സാധിക്കണം. അതോടൊപ്പം തെറ്റ് ചെയ്യുന്നവരെ, ചേർത്തുകൊള്ളുവാനും, അവരെ സ്നേഹിക്കുവാനും, ആ തെറ്റിൽ നിന്നും പിന്തിരിപ്പിക്കുവാനുമുള്ള ഒരു 'അമ്മ മനസ്സ്' ഒരു ഓരോ ക്രിസ്തുശിഷ്യന്റെയുള്ളിലും ഉണ്ടായിരിക്കണമെന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന സങ്കീർത്തനം വചനങ്ങൾ ആണ് ക്രിസ്തുശിഷ്യൻ ഉരുവിടേണ്ടതെന്നും (സങ്കീ. 118. 25-29) അക്കാലത്തു മാത്രമാണ്, ക്രിസ്തുവിനെ ഇനി എല്ലാവരും കാണുകയുള്ളുവെന്നും ക്രിസ്തു പറയുന്നു. ഇത് ദൈവരാജ്യത്തിലേക്ക് ഒരുവന്റെ പ്രവേശനത്തിനുള്ള മാനദണ്ഡമാണ്. ഇടുങ്ങിയ വാതിലിലൂടെ കടക്കുക; ആത്മീയ പ്രകടനങ്ങൾ ഇല്ലാതാക്കുക, അധികാര പ്രമത്തതാ മനോഭാവം ഇല്ലാതെയിരിക്കുക, കല്ലെറിയുന്നവരെയും അനുഗ്രഹിക്കുക, കർത്താവിനായി ഹോശന്നാ പാടുക എന്നീ സദ്ഗുണങ്ങളാണ് ദൈവരാജ്യ അവകാശികൾക്ക് ഉണ്ടായിരിക്കേണ്ടത്. അങ്ങനെയുള്ളവർക്കു മാത്രമാണ് ക്രിസ്തുവിനോടൊപ്പം പന്തിഭോജനത്തിന് അർഹതയുണ്ടാവുക. ആ ഭക്ഷണശാല നമുക്കായിട്ട് തുറന്നിരിക്കുന്നു. പ്രവേശിക്കേണ്ട സാധ്യത നമുക്കാണ്. വിശാലമായ വാതിലിന്റെ സുഖലോലുപതയിൽ രമിക്കാതെ ഇടുങ്ങിയ വാതിലിന്റെ ഞെരുക്കങ്ങളിൽ സന്തോഷം കണ്ടെത്താൻ നമുക്ക് കഴിയട്ടെ. ഇന്നത്തെ സദ്വിചാരം അതിന് മുഖാന്തരമാകട്ടെ. ❑

കോവിഡ് 19 പശ്ചാത്തലത്തിൽ ദൈവാലയങ്ങളിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

(1) ദൈവാലയത്തിൽ 10 നും 65 നും ഇടയിൽ പ്രായമുള്ളവർക്ക് മാത്രം പങ്കാളിത്തം (രോഗബാധിതർ, ഗർഭിണികൾ മുതലായവർ പങ്കെടുക്കരുത്.)

(2) ക്വാറൻ്റൈനിൽ കഴിയുന്നവർ, അവരെ പരിചരിക്കുന്നവർ, ക്വാറൻ്റൈൻ

കാലാവധി പൂർത്തിയാകാതെ പള്ളിയിൽ വരുവാൻ പാടുള്ളതല്ല.

(3)ബഹു. സർക്കാർ നിയമങ്ങൾക്കനുസരിച്ച് മാത്രം ആളുകളുടെ എണ്ണം

ക്രമീകരിക്കുക. രണ്ട് മീറ്റർ അകലം പാലിച്ച് ദേവാലയ വിസ്തൃതി അനുസരിച്ച്

ആളുകളുടെ എണ്ണം ക്രമീകരിക്കുക. നിശ്ചിത ഇരിപ്പിടങ്ങൾ അകലം പാലിച്ച് മുൻകൂട്ടി ക്രമീകരിക്കുക.

(4) മാസ്ക് / മുഖാവരണം ആദിയോടവസാനം നിർബന്ധമാണ്.

(5) സോപ്പ് / ഹാൻ്റ് വാഷ് / സാനിറ്റൈസർ ദൈവാലയത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് ഉപയോഗിക്കുക.

(6) തെർമൽ സ്കാനിംഗിന് വിധേയമാകുക.

(7) സന്ദർശന രജിസ്റ്ററിൽ അവരവർ പേരുവിവരങ്ങൾ ഫോൺ നമ്പർ ഉൾപ്പടെ രേഖപ്പെടുത്തുക.

(8) രജിസ്റ്ററിൽ പേരെഴുതുന്നതിന് പേന സ്വന്തമായി കരുതേണ്ടതാണ്.

(9) സ്പർശനങ്ങൾ ഒഴിവാക്കുക. വിശുദ്ധഗ്രന്ഥങ്ങളിലോ, വിളക്കെണ്ണയിലോ, ചിത്രങ്ങളിലോ, മറ്റൊന്നിലും സ്പർശിക്കാതിരിക്കുക.

(10) കൈമുത്തും, കൈയ്യസ്തൂരിയും ഒഴിവാക്കുക. (കൈയ്യസ്തൂരി നൽകുന്നതിന് പകരം പരസ്പരം തല വണങ്ങുക.)

(11) പാദരക്ഷകൾ കൂടികലരാതെ അകലം പാലിച്ച് സൂക്ഷിക്കേണ്ടതാണ്.

(12) പള്ളിയകത്തേക്ക് പ്രവേശിക്കുന്നതും, പുറത്തേക്കിറങ്ങുന്നതും നിശ്ചിത വാതിലുകൾ വഴി മാത്രം.

(13) ആരാധനാ പുസ്തകങ്ങൾ ഭവനങ്ങളിൽ നിന്നും കൊണ്ടുവരിക. ഇതു കേവലം നിർദ്ധേശങ്ങൾ മാത്രം സഭയും ,ഗവൺമെൻറും, ആരോഗ്യവകുപ്പും നൽകുന്ന എല്ലാ ചട്ടങ്ങളും അതു പോലെ പാലിക്കേണ്ടതാണ്.

❑ നമ്മുടെ സുരക്ഷ നമ്മുടെ മാത്രം ഉത്തരവാദിത്തമാണ്.

❑ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് സാമൂഹ്യ വ്യാപനത്തെ തടയാം

❑ സാമൂഹ്യ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നമ്മേയും സമൂഹത്തെയും സുരക്ഷിതമാക്കാം.

രാപ്പകൽ ഭക്തിയോടുകൂടി ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുളു നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.

– പ. പരുമല തിരുമേനി





എബ്രഹാം പൂവത്തുംവീട്ടിൽ അച്ചന് കന്തീലാ ശുശ്രൂഷ നിർവഹിച്ചു

നാലു ദശാബ്ദകാലം കോലഞ്ചേരി സെൻ്റ് പീറ്റേഴ്സ് & സെൻ്റ് പോൾസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്ന, കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളജ് വൈസ് പ്രസിഡണ്ടുമാരിൽ ഒരാളായ പൂവത്തുംവീട്ടിൽ എബ്രഹാം കശ്ശീശയ്ക്ക് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ജൂലൈ 6–ന് രാവിലെ കന്തീല ശുശ്രൂഷ നടത്തി. കോവിഡ് പ്രോട്ടോകോൾ നിലനിൽക്കുന്നതിനാൽ ചുരുക്കം വൈദികരും അടുത്ത കുടുംബാംഗങ്ങളും മാത്രമാണ് ശുശ്രൂഷയിൽ പങ്കെടുത്തത്. വാർദ്ധക്യസഹജമായ അസുഖത്തെത്തുടർന്നു അച്ചൻ കുറച്ചു നാളായി വിശ്രമജീവിതം നയിച്ചു വരികയാണ്.



സമൂഹത്തിന് ജ്യോതി തെളിയിച്ച് നവജ്യോതി യുടെ പുതിയ സംരംഭം

ചെങ്ങന്നൂർ: ചെങ്ങന്നൂർ ഭദ്രാസനത്തിനു കീഴിൽ നവജ്യോതി ഫുഡ് പ്രോസസിംഗ് യൂണിറ്റിന്റെ വിപണന കേന്ദ്രം മുണ്ടൻകാവ് ജംഗ്ഷനിൽ 'നിറവ്' എന്ന പേരിൽ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ഉത്ഘാടനം നിർവഹിച്ചു. ഭദ്രാസന സെക്രട്ടറി, ഭദ്രാസനത്തിലെ വൈദികർ., ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ചെയർമാൻ, മറ്റ് നേതാക്കന്മാരും വിശ്വാസികളും ചടങ്ങിൽ സംബന്ധിച്ചു



മാർ കുറിയാക്കോസ് ദയറായിൽ ഡോ.യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെ നേതൃത്വത്തിൽ കോവിഡ് പ്രതിസന്ധി കാലത്ത് ആരംഭിച്ച പച്ചക്കറി കൃഷിയുടെ വിളവെടുപ്പ്.

ഡെന്നി ബ്രൈറ്റിന് ഒന്നാം റാങ്ക്



ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ന്യൂഡൽഹിയിൽ നിന്നും എം.എസ്.സി. നഴ്സിങ്ങിന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡെന്നി ബ്രൈറ്റ്. ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്.


അഭിനന്ദനങ്ങൾ.



മദ്രാസ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും താപസവര്യനുമായിരുന്ന സഖറിയ മാർ ദീവന്നാസ്യോസിന്റെ 23-മത് ഓർമ്മപ്പെരുന്നാൾ ചെന്നൈ വിനായഗപുരം അരമനയിൽ 2020 ജൂലൈ 6, 7 ദിനങ്ങളിലായി സമുചിതമായി ആചരിച്ചു. ഫാ. എം. പി. ജേക്കബ് അനുസ്മരണ പ്രഭാഷണം നടത്തി. ചൊവ്വാഴ്ച രാവിലെ ജോസഫ് തളിയാപ്പറമ്പിൽ കോർ-എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു. ചെന്നൈ നഗരത്തിലെ വിവിധ ദേവാലയങ്ങളിലെ വൈദികർ സഹകാർമികരായി ആരാധനകളിൽ സംബന്ധിച്ചു.



ന്യൂഡൽഹി: കോവിഡ് 19 പ്രതിരോധ പ്രവത്തനങ്ങളുടെ ഭാഗമായി, രാജീവ് ഗാന്ധി ഹോസ്പിറ്റൽ (കോവിഡ് ഹോസ്പിറ്റൽ) ജോലിചെയ്യുന്ന ലിജാമോൾ ജോയിയെ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നേരിട്ടുവന്ന് അഭിനന്ദിച്ച് പുരസ്കാരം നൽകി. ഡൽഹി സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച് ദിൽഷാദ് ഗാർഡൻ മെമ്പറാണ്. അഭിനന്ദനങ്ങൾ.



കെ.ജി.ജോസഫ് ജാക്സൺ

തമിഴ്നാടിന്റെയും ആൻഡമാൻ നിക്കോബാർ ദ്വീപുകളുടേയും ചുമതലയുള്ള രജിസ്ട്രാർ ഓഫ് കമ്പനീസ് ആയി, തമിഴ്നാട്ടിൽ ചുമതലയേറ്റു. ഇന്ത്യൻ കോർപ്പറേറ്റ് ലോ സർവീസ് ഓഫീസറായ ഇദ്ദേഹം, ഇതിന് മുമ്പ് കമ്പനി കാര്യമന്ത്രാലയത്തിൽ, വെസ്റ്റ് ബംഗാളിന്റെ ചുമതലയുള്ള രജിസ്ട്രാർ ഓഫ് കമ്പനീസ് ആയിരുന്നു.

കോഴിക്കോട് സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്. അഭിനന്ദനങ്ങൾ....